മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 3 No. 3 | THE ONLINE OFFICIAL NEWS BULLETTIN | 2020 January 18

SEASON OF EPIPHANY | ദനഹകാലം | ܥܕܢܐ ܕܕܢܚܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
19 ♪4 2nd Sunday after Epiphany	20 ♪8	21 ♪4 11th Mem. of Philipos Mar Eusebius ✠ (Pathanamthitta Basil Dayara)	22 ♪8	23 ♪4 Comme. of Mar Augan	24 ♪8	25 ♪4

‘പറുദീസായുടെ അവകാശികളായ ശ്രേഷ്ഠ പിതാക്കന്മാരെ സമാധാനത്താലേ പോവുക...’

2016 ൽ സിറിയയിൽ നിന്നും ഐ എസ് ഭീകരർ തട്ടിക്കൊണ്ട് പോയ അന്ത്യോഖ്യൻ സഭയുടെ മാർ ഗ്രിഗോറിയോസ് യൂഹാനോൻ ഇബ്രാഹിം മെത്രാപ്പോലീത്തായും, ഗ്രീക് ഓർത്തഡോക്സ് സഭയുടെ മാർ പോൾ യാസിഗ് മെത്രാപ്പോലീത്തായും കൊല്ലപ്പെട്ടതായി സിറിയൻ വാർത്താ ഏജൻസി ആയ AMN News സ്ഥിരീകരിച്ചു.

മാർ തെയോഫിലോസ് അനുസ്മരണ സമ്മേളനം

കോഴിക്കോട്: സഖറിയ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ അനുസ്മരണ സമ്മേളനം 2020 ജനുവരി 17–ന് കോഴിക്കോട് എം.വി.ആർ. കാൻസർ സെന്ററിന്റെ വാർഷികത്തോടനുബന്ധിച്ച് നടത്തപ്പെട്ടു. ഡോക്ടർ ഐഷാ ഗുഹരാജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു, ചെയർമാൻ വിജയകൃഷ്ണൻ അനുസ്മരണം നടത്തി. തെയോഫിലോസ് തിരുമേനിയുടെ സ്നേഹിതരും രോഗാവസ്ഥയിൽ എം.വി.ആർ. കാൻസർ സെന്ററിൽ തിരുമേനിയെ പരിചരിച്ച ഡോക്ടർമാരും മറ്റു ജീവനക്കാരും ഉൾപ്പെടെ അനേകർ പങ്കെടുത്തു.

ഓർത്തഡോക്സ് യാക്കോബായ തർക്കത്തിൽ രമ്യത തകർത്തത് പിണറായി സർക്കാർ: ഡോ. തോമസ് മാർ അത്താനാസിയോസ്

കുവൈറ്റ് : മൃതദേഹ സംസ്കാരവുമായി ബന്ധപ്പെട്ട് ഓർഡിനൻസ് ഇറക്കിയ സംസ്ഥാന സർക്കാരിനെ രൂക്ഷമായി വിമർശിച്ചു ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത. ഓർഡിനൻസ് ഇറക്കുക വഴി സഭകൾക്കിടയിലെ ഭിന്നിപ്പ് നിലനിർത്തി രാഷ്ട്രീയ ലാഭമുണ്ടാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്ന് ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത ആരോപിച്ചു.

“ഓർത്തഡോക്സ് യാക്കോബായ തർക്കത്തിൽ സുപ്രീം കോടതി മാനിക്കാനുള്ള ഉത്തരവാദിത്തമാണ് സംസ്ഥാന സർക്കാർ കാണിക്കേണ്ടിയിരുന്നത്.” കുവൈറ്റ് സന്ദർശനത്തിനിടെ സത്യം ഓൺലൈനുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം .

“ജുഡീഷ്യറിയെ ആദരിക്കുക എന്നതാണ് ജനാധിപത്യ സംവിധാനത്തിൽ ഭരണകൂടത്തിന്റെ ഉത്തരവാദിത്തം . അത് ആദരിക്കാനുള്ള സന്നദ്ധത സർക്കാർ ഇതുവരെ കാണിച്ചിട്ടില്ല. ജുഡീഷ്യറിയെ മാനിച്ചിരുന്നെങ്കിൽ കോടതി വിധി നടപ്പാക്കാൻ ശ്രമിക്കുമായിരുന്നു. അങ്ങിനെ വിഘടിച്ചു നിൽക്കുന്ന രണ്ടു വിഭാഗങ്ങൾ തമ്മിൽ ഒന്നിച്ചു വരുവാനുള്ള സാഹചര്യവും അതുവഴി സാധിക്കുമായിരുന്നു.”

അതിനു പകരം വിഘടിച്ചു നിൽക്കുന്നവരെ പ്രത്യക്ഷമായും പരോക്ഷമായും സഹായിച്ചു ഈ ഭിന്നത നിലനിർത്താനും ഒരുപക്ഷെ അതിലൂടെ രാഷ്ട്രീയ നേട്ടമുണ്ടാക്കാനുമാണ് സർക്കാർ ശ്രമിക്കുന്നതെന്നു സംശയിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നും അദ്ദേഹം പറഞ്ഞു .

കൂദാശ ചെയ്യപ്പെട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ.

'എന്നെ അനുഗമിക്ക; വന്നു കാണ്മീൻ'

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

ക്രിസ്തുവിനെ അനുഗമിക്കുവാനും അവനിൽ ആയിത്തീരുവാനുമുള്ള വലിയ ആഹ്വാനമാണ് ദനഹായ്ക്കു ശേഷമുള്ള രണ്ടാം ആഴ്ചയിലെയും ധ്യാന ചിന്ത!

വി. യോഹന്നാൻ ശ്ലീഹാ ഏറെ ശക്തവും ഒപ്പം ലളിതവുമായ ഭാഷയിൽ ആയത് വർണ്ണിച്ചിരിക്കുന്നു. യോർദ്ദാനിൽ നിന്നും കുരിശിലേക്കുള്ള യാത്രയാണത്. തന്റെ അടുക്കൽ മാനസാന്തര സ്നാനത്തിന് വരുകയും തന്റെ പഠിപ്പിക്കലുകൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നവരോട് യോഹന്നാൻ സ്നാപകൻ പറയുന്നു; "നിങ്ങൾ അറിയാത്ത ഒരുത്തൻ നിങ്ങളുടെ ഇടയിൽ നിൽക്കുന്നുണ്ട്. എന്റെ പിന്നാലെ വരുന്നവൻ തന്നേ; അവന്റെ ചെരുപ്പിന്റെ വാറു അഴിപ്പാൻ ഞാൻ യോഗ്യനല്ല." യോഹന്നാൻ മനുഷ്യനാണെങ്കിൽ നമ്മുടെ ഇടയിൽ നമ്മോടൊപ്പം പാർക്കുന്ന ക്രിസ്തു ദൈവമാണ്. അവനെ നാം തിരിച്ചറിയണം, അവനോട് ചേർന്ന് അവനായി തീരണം. യഥാർത്ഥ ദൈവത്വത്തിലേക്ക് ശിഷ്യരെ എത്തിക്കുകയെന്ന ഗുരുവിന്റെ കർമ്മമാണ് യോഹന്നാൻ ഇവിടെ നിർവഹിക്കുന്നത്.

ദൈവത്തെ കാണിച്ചുകൊടുക്കുന്നതിനു പകരം സ്വയം ദൈവമായി പ്രഖ്യാപിക്കുന്നിടത്താണ് ഒരു ഗുരുവിന്റെ ഗുരുത്വം നഷ്ടപ്പെടുന്നത്; അവൻ ആൾ ദൈവം എന്ന വീഴ്ചയിലെത്തുന്നത്. എന്നാൽ യോഹന്നാന്റെ വാക്കുകൾ സ്പഷ്ടവും കൃത്യതയുള്ളതുമാണ്. ഞാനല്ല; അവനാണ് ക്രിസ്തു. ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്! തന്നിലേക്ക് നോക്കുന്നവരെ യഥാർത്ഥ ലക്ഷ്യത്തിലേക്ക്, ക്രിസ്തുവിലേക്ക് എത്തിക്കുക എന്ന ഗുരുകർമ്മം യോഹന്നാൻ നിർവഹിക്കുന്നു.

'മാതാ പിതാ ഗുരു ദൈവം' എന്ന ഒരു ശ്ലോകം നാം കേൾക്കാറുണ്ടല്ലോ. വിവിധ വ്യാഖ്യാനങ്ങൾ ഈ ശ്ലോകത്തിന് നൽകാറുണ്ട്. മാതാവും പിതാവും ഗുരുവുമാണ് ദൈവം; മറ്റൊരു ദൈവത്തിന്റെ ആവശ്യമില്ല എന്ന് അർത്ഥം നൽകുന്നവരുണ്ട്. ചിലർ പറയും, ദൈവത്തിന്റെ ആദ്യ ദാനം മാതാവാണ്. പിന്നെ പിതാവാണ്, ഒടുവിൽ ഗുരുവാണ് എന്നൊക്കെ. എന്നാൽ ഈ ശ്ലോകത്തിന്റെ യഥാർത്ഥ വ്യാഖ്യാനം ശ്രദ്ധേയമാണ്; ഒരു വ്യക്തി ഉദരം മുതൽ മാതൃ ഗർഭത്തിൽ വളരുന്നു; പിറന്നു വീണ്ടും ആദ്യ സംസർഗ്ഗം മാതാവിനോടൊത്ത്. മാതാവ് ആ വ്യക്തിയെ ആദ്യം പിതാവിലേക്കും പിന്നെ മാതാപിതാക്കൾ ഒന്നിച്ച് ഗുരുവിലേക്കും ഉപനയിക്കുന്നു. ഗുരുവാകട്ടെ ഞാനല്ല ദൈവമാണ് അടിസ്ഥാന കാരണം എന്ന് അവനെ പഠിപ്പിച്ച് അവനിലെ അന്ധകാരം നീക്കുന്നു. ഗുരു പദത്തിന്റെ അർത്ഥം തന്നെ അജ്ഞത അകറ്റുന്നവൻ എന്നാണല്ലോ. തന്നിലേക്ക് വരുന്ന ശിഷ്യരെ ക്രിസ്തുവിലേക്ക് എത്തിക്കുന്ന വലിയ ദൗത്യമാണ് അഥവാ ക്രിസ്തുവിലേക്കുള്ള ചൂണ്ടുപലക മാത്രമാണ് താനെന്ന് യഥാർത്ഥ ഗുരുവായ യോഹന്നാൻ പറയുന്നത് യോഹന്നാൻ ശ്ലീഹാ ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു.

"ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്ന് പറഞ്ഞുകൊണ്ട് യോഹന്നാൻ മാംദോനോ തന്റെ ശിഷ്യരെ ക്രിസ്തുവിൽ എത്തിക്കുന്നു. തന്നിലേക്ക് വരുന്നവരോട് ക്രിസ്തു ചോദിക്കുന്നു: നിങ്ങൾ എന്ത് അന്വേഷിക്കുന്നു? ഗുരോ, നീ അവിടെ പാർക്കുന്നു എന്ന അവരുടെ ചോദ്യത്തിന് "വന്നു കാണ്മീൻ" എന്നാണ് കർത്താവിന്റെ ഉത്തരം. തുടർന്ന് ആ ശിഷ്യന്മാർ അവനിലും അവൻ ആ ശിഷ്യരിലും വസിക്കുന്ന അനുഭവമാണ് കാണുന്നത്. അവിടം മുതൽ ഞങ്ങൾ മശിഹായെ കണ്ടെത്തിയിരിക്കുന്നുവെന്ന സുവിശേഷം അവർ അറിയിക്കുന്നു.

അന്ത്രയോസിൽ നിന്നും പത്രോസിലേക്കും യോഹന്നാനിൽ നിന്നും മാർ ക്കോസിലേക്കും ഫിലിപ്പോസിൽ നിന്നും നഥനിയേലിലേക്കുമൊക്കെ ഈ സുവാർത്ത പരക്കുന്നു. സംശയിക്കുന്നവരോടെല്ലാം "വന്നു കാൺക" എന്ന ക്രിസ്തു നൽകിയ ഉത്തരം ശിഷ്യന്മാരും നൽകുന്നു. തങ്ങളെ പൂർണ്ണമായും കാണുകയും അറിയുകയും ചെയ്യുന്ന ദൈവസന്നിധിയിൽ ആണ് തങ്ങൾ എത്തിയിരിക്കുന്നത് എന്ന തിരിച്ചറിവ് ശിഷ്യന്മാരിൽ ഉണ്ടാകുന്നു. സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നത് കാണുവാനുള്ള ഭാഗ്യം കർത്താവ് അവർക്ക് നൽകുന്നു!

ശുദ്ധീകരിക്കപ്പെട്ട് വേർതിരിക്കപ്പെട്ടവരുടെ ഒരു കൂട്ടം യെരുശലേമിൽ ഉണ്ടാകുമെന്ന പ്രവചനഭാഗങ്ങളാണ് പഴയനിയമ വായനയായി ഈ ദിവസം കാണുന്നത്. അവർ രക്ഷിക്കപ്പെട്ടവരും രക്ഷയിലേക്ക് ജാതികളെ നയിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട് വിളിക്കപ്പെട്ടവരുമായിരിക്കും. ദൈവനീതി ശാശ്വതമായും അവന്റെ രക്ഷ തലമുറതലമുറയായും ഇരിക്കുമെന്നും യെശയ്യാവ് ഓർമ്മിപ്പിക്കുന്നു.

ക്രിസ്തുവിൽ ആരംഭിച്ചിരിക്കുന്ന ഈ പുതുമാനവികതയുടെ പ്രത്യേക ലക്ഷണങ്ങളും സ്വഭാവങ്ങളുമാണ് പൊതുലേഖനത്തിൽ വി. പത്രോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത്. ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ എന്ന് ശ്ലീഹാ ആഹ്വാനം ചെയ്യുന്നു. അവനിലുള്ള വലിയ രക്ഷ ഗണ്യമാക്കാതെ പോകുന്നത് ഏറ്റവും ശിക്ഷാർഹമാണ് എന്ന് എബ്രായ ലേഖനക്കാരനും സമർത്ഥിക്കുന്നു.

ക്രിസ്തുവിൽ ആരംഭിക്കുന്ന പുതുമാനവികതയിലേക്ക് വംശങ്ങളെയും ഗോത്രങ്ങളെയും ക്ഷണിക്കുന്ന ആഹ്വാനമാണ് ഈ ദിവസത്തെ പ്രത്യേക പ്രാർത്ഥനകളുടെയും ഉള്ളടക്കം. "പഴകിയ ആദമിനെ തന്റെ പരിശുദ്ധ സ്നാനത്താൽ പുതുക്കുന്നതിനും അവന്റെ സന്താനങ്ങളെ തന്റെ സ്വർഗ്ഗീയ പിതാവിന് ആത്മീയ മക്കളാക്കുന്നതിനും വേണ്ടി പൂർണ്ണ മാനസിക പ്രായത്തിൽ യോർദ്ദാനിൽ വെളിപ്പെട്ട സ്വർഗ്ഗീയ ദനഹാ (ഉദയം) ആകുന്ന ഏകജാതനായ ദൈവമെ?" എന്ന സംബോധനയിൽ തന്നെ ധ്യാനചിന്ത വ്യക്തമാണ്.

"ഞാൻ വെളിച്ചമാകുന്നു; എന്നിൽ നടക്കുന്നവൻ ഇരുളിൽ നടക്കുകയില്ല" എന്ന് പ്രഖ്യാപിക്കുന്ന കർത്താവ് തന്നിലേക്ക് ചേർക്കപ്പെടുന്നവരും വെളിച്ചമായി തീരും. അവർ ലോകത്തെ പ്രകാശിപ്പിക്കുന്നവരാകും എന്നും പഠിപ്പിക്കുന്നു. വെളിച്ചത്തിന്റെ മക്കളായി ഇരുന്ന് നന്മയിൽ ലോകത്തെ പ്രകാശിപ്പിക്കുന്നവനാണ് ക്രിസ്തുശിഷ്യൻ. അവരുടെ സംഘമാണ് ക്രൈസ്തവസഭ അഥവാ ക്രിസ്തുവിൽ ആരംഭിച്ച പുതിയ വിശ്വമാനവികത എന്ന ഓർമ്മ ഓരോ ക്രിസ്തുശിഷ്യനും ഉണ്ടാകണം.

ക്രിസ്തുവിൽ നിന്നും വെളിച്ചം സ്വീകരിച്ച് ലോകത്തെ പ്രകാശിപ്പിക്കുന്ന ആത്മപ്രഭയുള്ള വ്യക്തിത്വങ്ങളായി ജീവിച്ച പുണ്യാത്മാക്കളുടെ സ്മരണയും സംസർഗ്ഗവും ആ മാർഗ്ഗത്തിൽ നിലകൊള്ളുവാൻ നമ്മെയും സഹായിക്കും. "ക്രിസ്തുവിൽ നിങ്ങളെ വഴിനടത്തിയവരെ ഓർത്തുകൊൾവീൻ; അവരുടെ ജീവാവസാനം വരെ ധ്യാനിച്ച് അവരെ അനുഗമിപ്പീൻ" എന്ന് എബ്രായ ലേഖകൻ ആഹ്വാനം ചെയ്യുന്നത് ഈ അർത്ഥത്തിലാണ്.

അവനെ അനുഗമിക്കുവാനും അവനെ കാണ്മാനും അവനിൽ വസിക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ.

❑

ലേഖനം

പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസിന്റെ ഇന്ത്യാ സന്ദർശനം: അറിയപ്പെടാത്ത വസ്തുതകൾ

ഫാ. ഡോ. ബി. വറുഗീസ്

മലങ്കരയിൽ കബറടങ്ങിയ ഏക അന്ത്യോഖ്യൻ പാത്രിയർക്കീസ് പ. ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ (1867–1932) മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കുവാൻ മുൻകൈയെടുത്ത് ഇവിടെ എത്തിയെന്നും, ബ്രിട്ടീഷ് വൈസ്രോയി ഇർവിൻ ക്ഷണിച്ചതനുസരിച്ചാണ് എത്തിയതെന്നുമൊക്കെ പലരും ധരിച്ചുവെച്ചിരുന്നു. പല പുസ്തകങ്ങളിലും ഇങ്ങനെയാണ് സാധാരണ കാണുന്നത്. എന്നാൽ തുർക്കിയിലും, പശ്ചിമേഷ്യയിലും ഉണ്ടായിരുന്ന പ്രതികൂല രാഷ്ട്രീയ സാമൂഹ്യ ചുറ്റുപാടുകളിൽ നിന്നും രക്ഷപ്പെടാൻവേണ്ടി മാത്രമാണ് ഹൃദ്രോഗിയായിരുന്ന പാത്രിയർക്കീസ് ഇവിടെ എത്തിയതെന്നുള്ള സത്യം പലർക്കും അജ്ഞാതമാണ്. ഗ്രന്ഥസൂചിയിൽ നൽകിയിരിക്കുന്ന പ്രസിദ്ധീകരണങ്ങളും, തീവ്രവാദികൾ തട്ടിക്കൊണ്ടുപോയ ആലപ്പോ (സിറിയ) യിലെ മാർ ഗ്രീഗോറിയോസ് ഇബ്രാഹീം യോഹന്നായിൽ നിന്നും സുറിയാനി സഭാംഗങ്ങളായ സുഹൃത്തുക്കളിൽ നിന്നും നേരിട്ടു കേട്ടറിഞ്ഞ വസ്തുതകളുമാണ് ഈ ലേഖനത്തിന് അടിസ്ഥാനം.

മലങ്കരയിലെ പാത്രിയർക്കീസ് വിഭാഗം പരിശുദ്ധനായി ആദരിക്കുന്ന ഏലിയാസ് തൃതീയൻ പാത്രിയർക്കീസിനെ യാതൊരുവിധത്തിലും താഴ്ത്തിക്കെട്ടിക്കാണിക്കുവാൻ ഈ ലേഖകന് താത്പര്യമില്ല. തന്റെ സഭയുടെ പീഡകളിൽ അക്ഷരാർത്ഥത്തിൽ പങ്കാളിയായിത്തീർന്ന ആ പിതാവിനെപ്പറ്റി അസത്യങ്ങൾ എഴുതി പ്രചരിപ്പിച്ചാൽ എന്തെങ്കിലും നേട്ടമുണ്ടാകുമെന്നും ചിന്തിക്കുന്നില്ല. സത്യം അറിയുന്നത് വ്യക്തികളെപ്പറ്റിയുള്ള ബഹുമാനം വർദ്ധിക്കുന്നതിനും അവർ സഹിച്ച ദുരിതങ്ങളെപ്പറ്റി മനസ്സിലാക്കുന്നതിനും സഹായകമാണെന്നുള്ള വിശ്വാസത്തിലാണ് ഇതെഴുതുന്നത്.

1867–ൽ കിഴക്കൻ തുർക്കിയിലെ മർദീനിൽ ഒരു വൈദികന്റെ പുത്രനായി ജനിച്ച അദ്ദേഹത്തിന്റെ മാമോദീസാ പേര് നസ്റി എന്നായിരുന്നു. വീട്ടിലെ സാമ്പത്തിക ഞെരുക്കം നിമിത്തം ചെറുപ്പകാലത്ത് കുറെക്കാലം ചെരുപ്പുകുത്തി ആയി ഒരു കടയിൽ ജോലി ചെയ്തു (ഇന്ത്യയിൽ അതൊരു താഴ്ന്ന ജോലിയായി കണക്കാക്കുന്നുവെങ്കിലും, പശ്ചിമേഷ്യയിലും യൂറോപ്പിലും ചെരുപ്പുകട ഉടമകൾ തന്നെ പാദരക്ഷകൾ നിർമ്മിച്ച് വിൽക്കുകയായിരുന്നു പതിവ്. മർദീനിലെ പിൽക്കാല മെത്രാനായിരുന്ന പീലക്സീനോസ് ദൊലബാനിയും ഇതേ ജോലി ചെയ്ത ആളായിരുന്നു.).

1887–ൽ കുർക്കുമാ ദയറായിൽ ചേർന്ന അദ്ദേഹം, 1889–ൽ റമ്പാനായപ്പോൾ സ്വീകരിച്ച പേരാണ് ഏലിയാസ്. 1892–ൽ വൈദികനായ അദ്ദേഹം, 1908–ൽ ആമീദിലെ (ഡിയർ ബക്കീർ) ബിഷപ്പായി. 1912–ൽ മൂസലിലേക്ക് മാറ്റി. 1915–ൽ അബ്ദുള്ളാ പാത്രിയർക്കീസ് യെറുശലേമിൽ വെച്ചും അബ്ദൽ മശിഹാ, മർദീനിലെ കുർക്കുമാ ദയറായിൽ വച്ചും കാലം ചെയ്തു. പ്രതികൂല രാഷ്ട്രീയ സാഹചര്യം നിമിത്തം ഉടനെ പുതിയ പാത്രിയർക്കീസിനെ തെരഞ്ഞെടുക്കാനായില്ല. രണ്ടു വർഷങ്ങൾക്കുശേഷം 1917–ൽ ഏലിയാസ് തൃതീയൻ പാത്രിയർക്കീസായി അവരോധിക്കപ്പെട്ടു. 1923 ആഗസ്റ്റ് 1–ന് സമാധാന ദൗത്യവുമായി പ. വട്ടശ്ശേരിൽ ഗീവറുഗീസ് ദീവന്നാസ്യോസ് മർദീനിൽ എത്തി, 67 ദിവസം കുർക്കുമാ ദയറായിൽ താമസിച്ചു. പ. ഏലിയാസ് തൃതീയൻ ആതിഥ്യ മര്യാദകളോടെ അദ്ദേഹത്തെ സ്വീകരിച്ചു. മുടക്കു തീർത്ത് കല്പന കൊടുത്തെങ്കിലും, അന്ത്യോഖ്യൻ പ്രതിനിധി യൂലിയോസ് മെത്രാന്റെയും, മലങ്കരയിലെ ചില പ്രമാണിമാരുടെയും കുടിലത നിമിത്തം കല്പന വെളിച്ചം കണ്ടില്ല.

1895–1915 കാലയളവിൽ 2 മെത്രാന്മാരും 152 പട്ടക്കാരും ഉൾപ്പെടെ 96000 സുറിയാനി സഭാംഗങ്ങൾ തുർക്കികളുടെ നരഹത്യയ്ക്ക് ഇരയായി. “വാളിന്റെ വർഷങ്ങൾ” (സുറിയാനിയിൽ ‘സൈഫോ’) എന്നാണ് ഈ കാലഘട്ടം അറിയപ്പെടുന്നത്. ഒന്നാം ലോകമഹായുദ്ധത്തെ തുടർന്ന് ഓട്ടോമാൻ സുൽത്താന്മാരുടെ ഭരണം അവസാനിച്ചു. 1919–ൽ ഫ്രാൻസ്, ബ്രിട്ടൻ തുടങ്ങിയ സഖ്യകക്ഷികളുമായി ഉടമ്പടി ഉണ്ടാക്കിയതുവഴി തുർക്കിയുടെ പ്രതാപകാലത്തിന് അന്ത്യമായി. നാണംകെട്ട ഉടമ്പടിയും പരാജയവും കാരണം ദേശീയവാദികൾ മുസ്തഫാ കെമാൽ പാഷായുടെ നേതൃത്വത്തിൽ സംഘടിച്ച് ഓട്ടോമാൻ ഭരണത്തെ അട്ടിമറിച്ച് അധികാരത്തിലേറി. ‘മുസ്ലീമുകൾ മാത്രമുള്ള രാഷ്ട്രം’ എന്ന നയമാണ് അവർ സ്വീകരിച്ചത്. യഹൂദന്മാരെയും, വിവിധ ക്രൈസ്തവ വിഭാഗങ്ങളെയും നാടുകടത്തുകയായിരുന്നു അവർ സ്വീകരിച്ച നടപടി.

യൂറോപ്യൻ ശക്തികൾ, തുർക്കിയിലുള്ള ക്രൈസ്തവരെ സംഘടിപ്പിച്ച്, സ്വാധീനം ചെലുത്തുവാൻ ശ്രമം നടത്തി. അവശേഷിച്ച അർമ്മീനിയാക്കാർക്ക് ആയുധം നൽകി, സിലിഷ്യാ കേന്ദ്രമായി ഒരു സ്വതന്ത്ര രാജ്യം സ്ഥാപിക്കുവാനും ശ്രമങ്ങൾ നടത്തി. വിവിധ സുറിയാനി ക്രൈസ്തവരെ (കൽദായ, പൗരസ്ത്യ സുറിയാനി, സുറിയാനി ഓർത്തഡോക്സ്, സുറിയാനി കത്തോലിക്കാ സഭകൾ) സംഘടിപ്പിച്ച് ‘അസീറിയൻ അസോസിയേഷൻ’ രൂപീകരിക്കുന്നതിൽ, ബ്രിട്ടീഷുകാർ മുൻകൈയെടുത്തു. 1919–ലെ ഉടമ്പടിക്കുശേഷം ക്രിസ്ത്യാനികൾക്കും, കുർദുവംശജരായ മുസ്ലീമുകൾക്കും ഭൂരിപക്ഷമുള്ള മൂസൽ, തുർക്കി ഇറാക്കിന് വിട്ടുകൊടുത്തു. ബ്രിട്ടീഷ് താത്പര്യപ്രകാരമായിരുന്നു ഇത്.

ഏഴാം നൂറ്റാണ്ടു മുതൽ മൂസലിൽ സിറിയൻ ഓർത്തഡോക്സ് മെത്രാൻ ഉണ്ടായിരുന്നെങ്കിലും, പതിനേഴാം നൂറ്റാണ്ടിനു ശേഷം, അവിടം സുറിയാനി കത്തോലിക്കരുടെ കേന്ദ്രമായിത്തീർന്നു. മൂസലിലെ സുറിയാനി ഓർത്തഡോക്സുകാരിൽ ബഹുഭൂരിപക്ഷവും, 1895–നു ശേഷമുള്ള പ്രശ്നങ്ങളെ തുടർന്ന് അഭയാർത്ഥികളായി എത്തിയവരാണ്. മൂസൽ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സിറിയൻ ഓർത്തഡോക്സുകാരുണ്ടായിരുന്ന ഇറാക്കിപട്ടണം ബസ്റാ ആണ്. ഒന്നാം ലോക മഹായുദ്ധത്തിനു ശേഷമാണ് ബാഗ്ദാദിൽ സിറിയൻ ഓർത്തഡോക്സ് സമൂഹം ഉണ്ടായത്. പ. ഏലിയാസ് തൃതീയൻ ഇവിടെ തങ്ങാതെ ഇന്ത്യയിലേക്ക് തിരിക്കുവാൻ ഇടയായ സാഹചര്യം മനസ്സിലാക്കുവാനാണ് ഇത്രയും എഴുതിയത്.

തുർക്കിയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഗ്രീക്ക് സൈന്യം ആക്രമണം നടത്തി പലയിടത്തും നാശനഷ്ടങ്ങളും ജീവഹാനിയും ഉണ്ടാക്കി. അർമീനിയക്കാരും, അസീറിയൻ അസോസിയേഷനും രാഷ്ട്രീയമായി പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന് കെമാൽ പാഷ മനസ്സിലാക്കി. നയതന്ത്രപരമായ നീക്കത്തിന്റെ ഭാഗമായി, 1922–ൽ കെമാൽ പാഷ ഫ്രാൻസുമായി ഉടമ്പടി ഉണ്ടാക്കി. സിറിയയുടെ മേലുള്ള ഫ്രഞ്ച് അധികാരം അംഗീകരിച്ചു. അതോടെ ഫ്രാൻസ് ക്രൈസ്തവർക്ക് നൽകുന്ന പിന്തുണ അവസാനിപ്പിച്ചു. ക്രൈസ്തവരെ വഞ്ചിക്കുന്ന ഉടമ്പടിയായിരുന്നു ഫ്രഞ്ചുകാരുടേത്. തുടർന്ന് 1922–ൽ, ക്രൈസ്തവർക്ക് തുർക്കി വിട്ടുപോകാനുള്ള അനുവാദം കെമാൽ പാഷ ഗവൺമെന്റ് നൽകി. ഫ്രഞ്ച് ഉടമ്പടിക്കു ശേഷം തുർക്കിയിൽ അവശേഷിച്ച ക്രൈസ്തവരെ സംശയത്തോടെ വീക്ഷിക്കുകയും, അവർക്കെതിരെ പ്രതികാര നടപടികൾ എടുക്കുകയും ചെയ്തു. ക്രൈസ്തവരുടെ വീടുകളും വസ്തുവകകളും തുർക്കികൾ കൈയേറിത്തുടങ്ങി. സ്ത്രീകളെ തട്ടിക്കൊണ്ടുപോയി വിവാഹം കഴിക്കുന്നത് സാധാരണയായിരുന്നു (എ.ഡി. 2000–ലും ഇത് തുടർന്നിരുന്നു).

കെമാൽ പാഷാ ഗവണ്മെന്റിന്റെ ബലഹീനത മുതലെടുത്ത്, കിഴക്കൻ തുർക്കിയിലുള്ള കുർദ്ദുകൾ സ്വതന്ത്ര പ്രദേശത്തിനായി സായുധ പോരാട്ടം തുടങ്ങി. യൂറോപ്യൻ ശക്തികളുടെ പിന്തുണയും അവർക്കുണ്ടായിരുന്നു.

കുർദ്ദുകളുടെ ഇടയിൽ താമസമാക്കിയിരുന്ന സുറിയാനി ഓർത്തഡോക്സുകാർ അവരെയുള്ള ഭയം നിമിത്തവും, രാഷ്ട്രീയ നിലപാടുനിമിത്തവും, സായുധ വിപ്ലവത്തിൽ പങ്കുചേരുകയോ, സഹായിക്കുകയോ ചെയ്തു. തുടർന്ന് തുർക്കി പട്ടാളം അവരുടെ ഗ്രാമങ്ങളിലെത്തി, അവരെ വളഞ്ഞുപിടിച്ച് ഇറാക്കിലേക്ക് നാടുകടത്തി. തുർക്കിയെ ഇറാക്കിൽ നിന്നും വേർതിരിക്കുന്ന ഇന്നത്തെ അതിർത്തി ബ്രസൽസ് ലൈൻ (Brussels line) എന്നാണ് അറിയപ്പെടുന്നത്. ബ്രിട്ടന്റെ നേതൃത്വത്തിൽ നിശ്ചയിച്ച ഈ അതിർത്തി രേഖ വളരെ സാവധാനമാണ് തുർക്കി അംഗീകരിച്ചത്. സുറിയാനി ഓർത്തഡോക്സ് പാത്രിയർക്കീസിനെ നാടുകടത്തി, ആ സമൂഹത്തിന്റെ ഭീഷണി ഒഴിവാക്കുകയായിരുന്നു കെമാൽ പാഷായുടെ പ്ലാൻ. പത്രോസ് പാത്രിയർക്കീസിന്റെ കാലം മുതൽ ബ്രിട്ടീഷ് സംരക്ഷണം തേടുവാൻ സുറിയാനി ഓർത്തഡോക്സ് സഭ ശ്രമങ്ങൾ നടത്തി. സുറിയാനി കത്തോലിക്കർക്കും, കൽദായ കത്തോലി

ക്കർക്കും ഫ്രഞ്ച് സഹായവും പൗരസ്ത്യ സുറിയാനിക്കാർക്ക് ബ്രിട്ടീഷ് സഹായവും ലഭിച്ചിരുന്നു. അസ്ദന്താ പാത്രിയർക്കീസും, ഏലിയാസ് തൃതീയനും ആഗ്ലിക്കൻ സഭയുമായി ബന്ധപ്പെട്ട് ബ്രിട്ടീഷ് സഹായത്തിനായി ശ്രമിച്ചു. തുർക്കികളുടെ വിരോധത്തിന് ഇത് കാരണമായിത്തീർന്നു.

സംഘർഷപൂർണ്ണമായ ഈ സമയത്ത് പ. വട്ടശ്ശേരിൽ തിരുമേനി, മർദീനിൽ പോയി നിരപായം തിരിച്ചെത്തിയത്, ദൈവത്തിന്റെ മഹാകരുണ നിമിത്തമാണ്. അന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങളെപ്പറ്റി മലങ്കരയിൽ അറിവുണ്ടായിരുന്നെന്നു തോന്നുന്നില്ല. തിരുമേനിയുടെ സന്ദർശനം കഴിഞ്ഞ് താമസംവിനാ, കുർദ് വിഘടനവാദികൾ കുർക്കുമാ ദയറാ കൈവശപ്പെടുത്തുവാൻ പദ്ധതിയിട്ടു. മൂന്നു വശവും ഉയർന്ന മലകളുടെ മദ്ധ്യത്തിൽ വിശാലമായ താഴ്വരയ്ക്ക് അഭിമുഖമായാണ് ദയറാ പണിതിരിക്കുന്നത്. ദയറായുടെ കിഴക്കുവശത്തുള്ള ഉയർന്ന മലയിൽ, കുർദുകൾ സ്ഥാനമുറപ്പിച്ചാൽ, അവരെ അവിടെ നിന്നും തുരത്തുക എളുപ്പമല്ല. കൂടാതെ താഴ്വര മുഴുവനും അവരുടെ നിയന്ത്രണത്തിലാവുകയും ചെയ്യും. കോട്ട പോലെ ബലവത്തായ കുർക്കുമാ ദയറാ കുർദുകൾ ദീർഘകാല ആസ്ഥാനമാക്കുകയും ചെയ്യും. ഇതു മുൻകൂട്ടി മനസ്സിലാക്കിയ തുർക്കി സൈന്യം 1924-ൽ ഏലിയാസ് തൃതീയൻ പാത്രിയർക്കീസിനെയും ദയറായിൽ ശേഷിച്ചിരുന്ന ചുരുക്കം റമ്പാന്മാരെയും ഇറക്കിവിട്ട് ഇവിടെ സൈനിക ആസ്ഥാനമാക്കി (തുടർന്ന് 1947 വരെ ദയറായിൽ മെത്രാന്മാരില്ലായിരുന്നു). 1947-ൽ പീലക്സീനോസ് ദൊലബാനി മർദീനിൽ മെത്രാനായി വാഴിക്കപ്പെട്ടപ്പോൾ ദയറായിൽ താമസിക്കുവാൻ അനുവാദം ലഭിച്ചു. അദ്ദേഹം 1969-ൽ കാലം ചെയ്തു. തുടർന്ന് 2003 വരെ 33 വർഷക്കാലം ദയറായിൽ മെത്രാപ്പോലീത്താ ഇല്ലായിരുന്നു. 2003-ൽ വാഴിക്കപ്പെട്ട പീലക്സീനോസ് ഒസ്മാൻ ഇപ്പോൾ ദയറായിൽ താമസിക്കുന്നു. അദ്ദേഹത്തിന്റെ ഭദ്രാസനത്തിൽ എഴുപതു ഭവനങ്ങളും, അംഗുലീപരിമിതമായ ഇടവകകളും ആണുള്ളത്. 1293 മുതൽ 1924 വരെ പാത്രിയർക്കീസുമാരുടെ ആസ്ഥാനമായിരുന്ന കുർക്കുമാ ദയറാ 2012 ഏപ്രിലിൽ ഈ ലേഖകൻ സന്ദർശിച്ചിരുന്നു (കുർദ്ദ് വിഘടനവാദികളും തുർക്കി ഗവൺമെന്റും തമ്മിൽ അടുത്ത കാലത്ത് ഉണ്ടാക്കിയ വെടിനിർത്തൽ കരാറിനെ തുടർന്ന് സന്ദർശകർക്ക് ഉണ്ടായിരുന്ന വിലക്ക് നീക്കിയിട്ടുണ്ട്. 2000-നു മുമ്പ് വളരെ വിരളമായി മാത്രമേ വിദേശികൾ ഇവിടം സന്ദർശിച്ചിട്ടുള്ളു. ഭരണകൂടത്തെ ഭയപ്പെട്ടിരുന്നതിനാൽ, ഇവിടെ താമസിക്കുവാൻ, ദയറാംഗങ്ങൾ സന്ദർശകരെ അനുവദിച്ചിരുന്നുമില്ല.).

കുർക്കുമാ ദയറായിൽ നിന്നും പുറത്താക്കപ്പെട്ട ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് വടക്കൻ സിറിയയിൽ പലയിടത്തും മാറിമാറി താമസിച്ചതിനുശേഷം ഇറാക്കിലെ മൂസലിലും, തുടർന്ന് ബസഘായിലും എത്തി. മുകളിൽ പരാമർശിച്ചതുപോലെ എല്ലായിടത്തും അഭയാർത്ഥികൾ മാത്രം; ദാരിദ്ര്യവും, പട്ടിണിയും, രോഗവും നിമിത്തം വലഞ്ഞ ജനങ്ങൾക്കിടയിൽ പാത്രിയർക്കീസും അഭയാർത്ഥിയായി പലയിടത്തും താമസിച്ചു. 1930-ൽ കുറെക്കാലം മൂസലിലെ മാർ മത്തായിയുടെ ദയറായിൽ താമസിച്ചതിനുശേഷം അദ്ദേഹം ബസറായിൽ എത്തി. അവിടെ കഴിയുന്ന സമയം ഏലിയാസ് തൃതീയന്റെ പാസ്പോർട്ടിന്റെ കാലാവധി തീർന്നു. അതു പുതുക്കിക്കിട്ടുവാൻ തുർക്കി അംബാസിഡറെ സമീപിച്ചു. ബ്രസൽസ് ലൈനിനു അപ്പുറത്തേക്ക് കടക്കുവാൻ പാത്രിയർക്കീസുൾപ്പെടെയുള്ള ക്രൈസ്തവ നേതാക്കളെ അനുവദിക്കരുതെന്നുള്ള ഗവൺമെന്റ് നയമനുസരിച്ച് പാസ്പോർട്ട് പുതുക്കിയില്ലെന്നു മാത്രമല്ല, പിൻവലിക്കുകയും (Revoked) ചെയ്തു. തുർക്കിയിൽ തിരികെ പ്രവേശിക്കുന്നത് ബുദ്ധിമുട്ടാണെന്നു മനസ്സിലാക്കിയ പാത്രിയർക്കീസ് ബ്രിട്ടീഷ് അധികാരികളെ സമീപിച്ച് സങ്കടമുണർത്തിച്ചു. ഒരു ക്രൈസ്തവ മേലദ്ധ്യക്ഷൻ എന്ന പരിഗണനയിൽ അവർ താത്കാലിക യാത്രാരേഖ (laisse passer) നൽകി. ഈ അനുമതിപത്രവുമായി ബ്രിട്ടീഷ് അധീനതയിലുള്ള പ്രദേശങ്ങളിൽ മാത്രമേ സഞ്ചരിക്കാനാവൂ. ബഹുഭൂരിപക്ഷവും അഭയാർത്ഥികളായ ഇറാക്കിലെ സുറിയാനി ഓർത്തഡോക്സ് സമൂഹത്തിന് പാത്രിയർക്കീസിനെ സ്വീകരിച്ച് സംരക്ഷിക്കുന്നത് പ്രയാസമുള്ള കാര്യമായിരുന്നു. ഈ വസ്തുത മനസ്സിലാക്കിയാണ് ഇന്ത്യയിലേക്ക് തിരിക്കുവാൻ പാത്രിയർക്കീസ് തുനിഞ്ഞത്.

ബസറായിൽ നിന്നും കറാച്ചിക്കുള്ള കപ്പലിൽ യാത്രയ്ക്കുള്ള ക്രമീകരണങ്ങൾ നടത്തി. കപ്പൽയാത്രയ്ക്കു മുമ്പ് വൈദ്യപരിശോധന നിർബ്ബന്ധമായിരുന്നു. അമിതവണ്ണമുണ്ടായിരുന്ന പാത്രിയർക്കീസിന് ഹൃദ്രോഗ ലക്ഷണങ്ങളുണ്ടായിരുന്നു. യാത്രാരേഖ നൽകുന്നതിന് ഡോക്ടർ വിസമ്മതിച്ചു. യാത്ര ചെയ്യാനുള്ള ആരോഗ്യം അങ്ങേക്കില്ലെന്ന് ഡോക്ടർ അറിയിച്ചു. പാത്രിയർക്കീസ് തന്റെ അവസ്ഥ വിശദീകരിച്ചു. പോയി വിശ്രമിക്കുവാൻ മറ്റൊരിടമില്ലെന്ന് അധികാരികളെ ബോധ്യപ്പെടുത്തി. ഒടുവിൽ മനസ്സില്ലാമനസ്സോടെ കപ്പലിൽ യാത്ര ചെയ്യുവാൻ ഡോക്ടർ അനുവദിച്ചു. കറാച്ചിയിൽ എത്തിയ പാത്രിയർക്കീസ് ട്രെയിനിൽ ഡൽഹിയിലെത്തി. വൈസ്രോയി ഇർവ്വിൻ പ്രഭുവിനെ കണ്ടു. ബസറായിൽ നിന്നു ലഭിച്ച യാത്രാരേഖകൾ അദ്ദേഹത്തെ കാണിച്ചിരിക്കണം. തുടർന്നാണ് കേരളത്തിലേക്ക് യാത്ര തിരിച്ചത്.

ഈ വസ്തുതകൾ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ മലങ്കരസഭാചരിത്രമെഴുതിയവർക്ക് അറിവുണ്ടായിരുന്നില്ല. കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലാണ് മിക്കവരും പാത്രിയർക്കീസിന്റെ ഇന്ത്യാ സന്ദർശനത്തെപ്പറ്റി എഴുതിയിട്ടുള്ളത്. വസ്തുതകൾ അറിയാത്തവർ, അല്പം അതിശയോക്തി കലർത്തി, പൊങ്ങച്ചഭാഷയിൽ ഇർവ്വിൻ പ്രഭുവിന്റെ ക്ഷണപ്രകാരം ഇന്ത്യയിലെത്തിയെന്ന് പ്രചരിപ്പിച്ചു (പത്രോസ് തൃതീയനും, അബ്ദള്ളാ പാത്രിയർക്കീസും ലണ്ടനിൽ ഫോറിൻ സെക്രട്ടറി ഉൾപ്പെടെയുള്ള ബ്രിട്ടീഷ് അധികാരികളെ കാണുന്നതിനുണ്ടായ ബുദ്ധിമുട്ടുകളെപ്പറ്റി, ആധികാരിക രേഖകൾ സഹിതം വില്യം ടെയ്‌ലർ വിവരിക്കുന്നുണ്ട്. ഗ്രന്ഥസൂചി കാണുക - സിറിയൻ ഓർത്തഡോക്സ് സഭയേയും അതിന്റെ തലവന്മാരെയും, ചർച്ച് ഓഫ് ഇംഗ്ലണ്ടും, കാന്റർബറി ആർച്ചുബിഷപ്പും കാര്യമായി പരിഗണിച്ചില്ലെന്നുള്ളത് ടെയ്‌ലർ വ്യക്തമാക്കുന്നു. ആ പശ്ചാത്തലത്തിലാണ് ഗവർണർ ജനറൽ ഇർവിൻ പ്രഭു പാത്രിയർക്കീസിനെ ക്ഷണിച്ചെന്ന അവകാശവാദം പൊങ്ങച്ചത്തിന്റെ ഭാഗമാണെന്ന് ഈ ലേഖകൻ എഴുതിയത്.) പത്രോസ് തൃതീയൻ ലണ്ടനിൽ സന്ദർശനം നടത്തിയപ്പോൾ പാലക്കുന്നത്ത് അത്താനാസ്യോസിനെയാണ് ആംഗ്ലിക്കൻ സഭ അംഗീകരിക്കുന്നതെന്ന് കാന്റർബറി ആർച്ച് ബിഷപ്പ് ടെയ്റ്റിന് (Tait) ഉപദേശം ലഭിച്ചിരുന്നു. ഫോറിൻ ഓഫീസിൽ നിന്നും സഹായകമായ മറുപടി ലഭിക്കാതെ നിരാശനായ പാത്രിയർക്കീസ്, വിക്ടോറിയാ രാജ്ഞിക്ക് നേരിട്ട് എഴുതി. ഭാഗ്യവശാൽ രാജ്ഞിയെ കാണുവാൻ അനുവാദം ലഭിച്ചു. പാത്രിയർക്കീസിന്റെ സംസാരത്തിലും, വേഷത്തിലും ആകൃഷ്ടയായ രാജ്ഞി വീണ്ടും കാണുവാൻ താത്പര്യം പ്രകടിപ്പിച്ചു. രണ്ടാമത് ഒരു പൊതു ചടങ്ങിൽ വെച്ച് കണ്ടെങ്കിലും ഇരുവരും തമ്മിൽ സംസാരിക്കുവാൻ അവസരം ഉണ്ടായില്ല.

ആംഗ്ലിക്കൻ സഭയിലെ ആർച്ച് ബിഷപ്പ് ഗോർ ഈ സമയം ഇന്ത്യയിലുണ്ടായിരുന്നു. വൈസ്രോയിയുടെ നിർദ്ദേശപ്രകാരം, ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് യാത്രാമദ്ധ്യേ മദ്രാസിൽ വെച്ച് ബിഷപ്പ് ഗോറിനെ കണ്ടു (മാർച്ച് 18-19, 1931). തുടർന്ന് 1931 മാർച്ച് 20-ന് പാത്രിയർക്കീസ് ആലുവായിലെത്തി. പതിനൊന്നു മാസക്കാലം വിവിധ പള്ളികളിൽ താമസിച്ചു. അപര്യാപ്തമായ യാത്രാസൗകര്യങ്ങളും, ഫെബ്രുവരിയിലെ അസഹ്യമായ ചൂടും ഹൃദ്രോഗിയായിരുന്ന പാത്രിയർക്കീസിന്റെ മരണത്തിനിടയാക്കി. 1932 ഫെബ്രുവരി 13-ന് 65-ാം വയസ്സിൽ മഞ്ഞനിക്കരയിൽ വച്ച് അദ്ദേഹം കാലം ചെയ്തു. മൃതദേഹം അവിടെനിന്നും കൊടുത്തുവിടുവാൻ ആതിഥേയർ വിസമ്മതിച്ചതുകൊണ്ട് അവിടെത്തന്നെ കബറടക്കി.

കുർക്കുമാ ദയറായിൽ താമസിച്ച, അവസാനത്തെ പാത്രിയർക്കീസ് പ. ഏലിയാസ് തൃതീയനാണ്. അദ്ദേഹത്തിന്റെ പിൻഗാമി അപ്രേം ബർസോം ഒന്നാമൻ (1933-1957) ഫ്രഞ്ച് അധീനതയിലുള്ള സിറിയായിലെ ഹോംസ് ആസ്ഥാനമാക്കി. കാരണം കുർക്കുമാ ദയറാ തുർക്കി പട്ടാളത്തിന്റെ കൈവശമായിരുന്നു. കൂടാതെ സുറിയാനി പാത്രിയർക്കീസിനെ തുർക്കിയിൽ കടക്കുവാൻ അനുവദിക്കരുതെന്നുള്ള തുർക്കി ഗവൺമെന്റിന്റെ നിലപാട് മറ്റൊരു കാരണമായിരുന്നു.

1293 മുതൽ 1924 വരെ 630 വർഷം പാത്രിയർക്കീസിന്റെ ആസ്ഥാനമായിരുന്ന കുർക്കുമാ ദയറായ്ക്ക് ആ പദവി നഷ്ടമായതിൽ മർദീനിൽ അവശേഷിച്ചിരുന്ന സുറിയാനിക്കാർ അതൃപ്തരായിരുന്നു. മർദ്ദീനിലെ ബിഷപ്പായിരുന്ന പീലക്സീനോസ് ദൊലബാനിയെ (1947-1969) എതിർ പാത്രിയർക്കീസാക്കുവാൻ മർദീൻകാർ ശ്രമം നടത്തി. ഉത്തമസന്യാസിയും പരിശുദ്ധനുമായിരുന്ന അദ്ദേഹം വിസമ്മതിച്ചതിനാൽ സഭയിൽ ഒരു ഭിന്നത ഒഴിവായി.

ഗ്രന്ഥസൂചി

John Joseph, *Muslim-Chrishian Relations and Inter-Christian Rivalries in the Middle East, The case of the Jacobites in an age of Transition*, State University of New York Press, Albany, 1983.

Sebastian Brock, George Kiraz etc (ed), *Gorgias Encyclopedic Dictionary of the Syriac Heritage,* Gorgias Press, 2011 (Different articles).

William Henry Taylor, *Antioch and Canterbury, The Syrian Orthodox Church and the Church of England: 1874-1928*, Gorgias Press, 2005

Sebastian de Courtois, *The Forgotten Genocide: Eastern Christians, The Last Arameans*, Gorgias Press, 2004

(*മാർ ദീവന്നാസ്യോസ് ആറാമന്റെ മർദ്ദീൻ യാത്ര*, എഡിറ്റർ: ഡോ. എം. കുര്യൻ തോമസ്, എം.ഒ.സി., കോട്ടയം, 2019, പേജ് 142-147).

ക്രിസ്ത്യൻ സെമിത്തേരികളിൽ മൃതശരീരങ്ങൾ കബറടക്കുന്നത് സംബന്ധിച്ച് കേരള സർക്കാരിന്റെ ഓർഡിനൻസ് കേരളത്തിലെ എല്ലാ ക്രൈസ്തവ സഭകളെയും ബാധിക്കുന്നത്

: ഓർത്തഡോക്സ് സഭ

കോട്ടയം: ക്രിസ്ത്യൻ സെമിത്തേരികളിൽ മൃതശരീരങ്ങൾ കബറടക്കുന്നതു സംബന്ധിച്ച് കേരള സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസ് നിയമവശാലോ കാര്യവശാലോ നിലനിൽക്കാത്തതും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതുമാണ്. ഓർഡിനൻസിന്റെ കരട് തയ്യാറാക്കിയപ്പോൾ മുഖ്യമന്ത്രി പ്രഖ്യാപിച്ചത് ഈ നിയമം മലങ്കരസഭാ തർക്കത്തെ തുടർന്ന് ഉണ്ടായ ചില പ്രതിസന്ധികൾ പരിഹരിക്കുന്നതിന് ലക്ഷ്യമിടുന്നു എന്നാണ്. എന്നാൽ ഓർഡിനൻസ് പുറത്തിറങ്ങിയപ്പോൾ അത് കേരളത്തിലെ ക്രൈസ്തവ സഭകളെ മുഴുവൻ ബാധിക്കുന്ന വിധത്തിലാണ് ക്രോഡീകരിക്കപ്പെട്ടിരിക്കുന്നത്.

ഓർഡിനൻസിലെ പല വ്യവസ്ഥകൾക്കും കൃത്യമായ നിർവചനങ്ങൾ നൽകിയിട്ടില്ല. ഒരു ഇടവകാംഗം മരിച്ചാൽ അദ്ദേഹത്തിന്റെ ഇടവകപള്ളിയിൽ പൂർവികരെ അടക്കം ചെയ്ത സെമിത്തേരിയിൽ അടക്കപ്പെടാൻ അർഹതയുണ്ട് എന്നാണ് ആദ്യ ക്ലോസ്. എന്നാൽ പൂർവികർ എന്നതിന് ഒരു നിർവചനവും നൽകിയിട്ടില്ല. എത്ര തലമുറവരെ പിന്നോട്ട് പൂർവികരായി കണക്കാക്കാം? ഒരാൾ ഇടവകാംഗമാണോ എന്നും അദ്ദേഹത്തിന്റെ പൂർവികർ ആ ഇടവക സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടിട്ടുണ്ടോ എന്നും സ്ഥിരീകരിക്കേണ്ട ചുമതല ആർക്കാണ് എന്നൊന്നും ഓർഡിനൻസിൽ വ്യക്തമാക്കുന്നില്ല. ആയത് സുപ്രീംകോടതി വിധിയെ മറികടക്കാനുള്ള ഗൂഢതന്ത്രത്തിന്റെ ഭാഗമാണ്. ഒരു കാലത്ത് ക്രിസ്ത്യാനിയായിരുന്ന ഒരാൾ പിന്നീട് വിശ്വാസം വിട്ട് പോവുകയോ, സഭയിൽ നിന്ന് എന്തെങ്കിലും കാരണത്താൽ മാറ്റി നിർത്തപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിലും മരണ സമയത്ത് ചുറ്റും നിൽക്കുന്ന ആളുകൾ തീരുമാനിക്കുന്നതനുസരിച്ച് പുരോഹിതൻ എന്ന് നാമകരണം ചെയ്യപ്പെടുന്ന ഏതെങ്കിലും ഒരു വ്യക്തിയെ വിളിച്ചു വരുത്തി എന്തെങ്കിലും കർമ്മങ്ങൾ ചെയ്യിച്ച് കബറടക്കുവാനുള്ള സ്വാതന്ത്ര്യമാണ് ഊ നിയമം നൽകുന്നത്.

വികാരി പ്രത്യേക മരണ രജിസ്റ്റർ സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമത്തിൽ വികാരിയുടെ നിർവചനം വ്യക്തമല്ല. ആരെ വേണമെങ്കിലും കാർമ്മികനാക്കാം എന്നു പറഞ്ഞശേഷം, ശവസംസ്കാരം നടത്തുന്ന കാർമ്മികനെയാണ് വികാരി എന്ന വാക്കു കൊണ്ട് സൂചിപ്പിച്ചിരിക്കുന്നത്. അദ്ദേഹം നിയമപരമായ സാധുതയുള്ള വ്യക്തി ആവണമെന്നില്ല. അതായത് മരിച്ച വ്യക്തിയെ സംബന്ധിച്ച് ഏതുവിധത്തിലും സർട്ടിഫിക്കറ്റ് നൽകാൻ സമ്മതിക്കുന്ന ഒരാളെക്കൊണ്ട് കർമ്മം നടത്തി സർട്ടിഫിക്കറ്റ് ഉണ്ടാക്കുകയോ, മരണം കഴിഞ്ഞ് വർഷങ്ങൾക്കു ശേഷം താനാണ് സംസ്കാരം നടത്തിയതെന്ന് ഏതൊരാൾക്കും സർട്ടിഫിക്കറ്റ് നൽകുകയോ ഒക്കെ ചെയ്യുവാൻ ഈ ഓർഡിനൻസ് അവസരം നൽകുന്നു. ദുരുപയോഗം ചെയ്യപ്പെടുവാനുള്ള സാധ്യതയേറെയുള്ളതാണ് ഈ ഓർഡിനൻസ്.

കഴിഞ്ഞ ദിവസം വരിക്കോലിപള്ളിയിൽ നടന്ന ഒരു സംസ്കാരം ഉദാഹരണമാണ്. ഒരാൾ മരിച്ച വിവരം പോലീസ് മുഖേന നിയമാനുസൃത വികാരിയെ ധരിപ്പിച്ചു. എന്നാൽ മരിച്ചയാൾ ഇടവകാംഗമാണെന്നോ, അദ്ദേഹത്തിന്റെ പൂർവികരെ ആരെയെങ്കിലും ആ സെമിത്തേരിയിൽ സംസ്കരിച്ചിട്ടുണ്ടെന്നോ സ്ഥിരീകരണമില്ലായെന്ന് വികാരി പോലീസിനെ അറിയിച്ചു. ഈക്കാര്യത്തിൽ പോലീസ് അന്വേഷണം നടത്താമെന്ന് പറഞ്ഞു എങ്കിലും പോലീസ് ഒരന്വേഷണവും നടത്തിയില്ല. ശവസംസ്കാരത്തിന്റെ സമയം വികാരിയെ ആരും അറിയിക്കാതിരുന്നതിനാൽ സെമിത്തേരിയുടെ ഗേറ്റ് തുറന്നു കൊടുക്കാനായില്ല. ഒരു കൂട്ടം ആളുകൾ ഗേറ്റ് പൊളിച്ച് ഒരു മൃതദേഹം കൊണ്ടുവന്ന് സെമിത്തേരിയിൽ അടക്കി. അദ്ദേഹത്തെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ ഇപ്പോഴും ലഭ്യമായിട്ടില്ല.

ക്രൈസ്തവ സെമിത്തേരികളിൽ ആർക്കു വേണമെങ്കിലും, ആരെയും സംസ്കരിച്ച് എന്തുവേണമെങ്കിലും എഴുതി സർട്ടിഫിക്കറ്റ് ആക്കാമെന്നതാണ് ഈ നിയമത്തിന്റെ പ്രത്യേകത. ഇത് സെമിത്തേരികളുടെ ഉപയോഗത്തിൽ അരാജകത്വം സൃഷ്ടിക്കും.

മലങ്കര സഭാ തർക്കത്തിൽ സുപ്രീംകോടതി അനുവദിച്ചു തന്ന അവകാശങ്ങളെ ഈ ഓർഡിനൻസ് ഹനിക്കുന്നു. ഒരു പള്ളിയിലെ ഭരണവും കർമ്മാനുഷ്ഠാനങ്ങളും നടത്തേണ്ടത് വികാരിയാണ്. അവിടെ സമാന്തരഭരണമോ കൂദാശ അനുഷ്ഠാനമോ കോടതി അനുവദിച്ചിട്ടില്ല. ഈ അവകാശങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിന് കേരള ഗവൺമെന്റ് സഹായിക്കുന്നില്ല എന്ന കാരണത്താൽ ഓർത്തഡോക്സ് സഭ നൽകിയിട്ടുള്ള കോടതി അലക്ഷ്യ ഹർജിയെ മറികടക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം കൂടിയാണ് ഈ ഓർഡിനൻസ്.

ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 25, 26 അനുവദിക്കുന്ന മതസ്വാതന്ത്ര്യത്തെ ഈ പുതിയ നിയമം ഹനിക്കുന്നു. ഓർത്തഡോക്സ് സഭയുടെ സെമിത്തേരികൾ 1934-ലെ ഭരണഘടന അനുസരിക്കുന്ന ഇടവകാംഗങ്ങളുടെ ഉപയോഗത്തിനുള്ളതാണ്. അവിടെ ഇഷ്ടാനുസരണം ആർക്കും മൃതദേഹങ്ങൾ സംസ്കരിക്കാമെന്ന നില സംജാതമാക്കുന്നതിലൂടെ ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യത്തിൽ കൈകടത്താൻ ശ്രമിക്കുകയാണ് സർക്കാർ. പള്ളികളിൽ സമാന്തര ഭരണം വീണ്ടും കൊണ്ടുവരുവാൻ സർക്കാർ ഒത്താശ ചെയ്തുകൊടുക്കുകയാണ്. ഇത് വിവേചനമാണ്. നിയമപരമായി നിലനിൽപ്പില്ലാത്ത ഒരു വിഭാഗത്തിന് ഒത്താശ ചെയ്തുകൊടുക്കുവാനുള്ള സർക്കാരിന്റെ ലക്ഷ്യം ഇതിൽ വ്യക്തമാണ്.

ഈ ഓർഡിനൻസിനെ സഭ നിയമപരമായി നേരിടും. എന്നാൽ തെരുവിലിറങ്ങി യുദ്ധം ചെയ്യാൻ സഭ ആഹ്വാനം ചെയ്യുന്നില്ല. നിയമവും കോടതിവിധികളും എന്നും പാലിക്കുന്ന പാരമ്പര്യമാണ് സഭയ്ക്കുള്ളത്.

എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്ത, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, സഭാ വക്താവ് ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

പുത്തൻകാവ് മാർ ബസേലിയോസ് യുവജനപ്രസ്ഥാനത്തിന്റെ അംഗങ്ങൾ ബസേലിയോസ് തിരുമേനിയുടെ പെരുന്നാളിനോട് അനുബന്ധിച്ച് ഗ്ലോറിയ ഭവൻ സന്ദർശിക്കുകയും അവർക്കുള്ള ആഹാരം കൊടുക്കുകയും ചെയ്തു

ഓർമ്മ ജനുവരി 21-ന്

ഫിലിപ്പോസ് മാർ യൗസേബിയോസ്

പത്തനംതിട്ട നാരങ്ങാനം പുത്തൻപറമ്പിൽ പി. ജി. തോമസിന്റെയും സാറാമ്മയുടെയും മകൻ. 1931 ജൂൺ 16-ന് ജനിച്ചു. ആലുവാ യു. സി. കോളജിൽ നിന്ന് ബിരുദമെടുത്ത് റെയിൽവേ ഉദ്യോഗസ്ഥനായി. 1962 -ൽ ഉദ്യോഗം രാജിവച്ച് സെറാമ്പൂരിൽ നിന്ന് ബി. ഡി., എം. റ്റി. എച്ച്. എന്നിവയും ജനീവയിൽ നിന്ന് ദൈവശാസ്ത്രത്തിൽ പി. ജി. ഡിപ്ലോമയും കരസ്ഥമാക്കി. 1972 ഡിസം. 21-ന് ശെമ്മാശൻ. 1974 ജൂൺ 7-ന് കശ്ശീശ. ദുർഗ്ഗാപൂർ, ലണ്ടൻ, പുല്ലാട്, കുമ്മനം ഇടവകകളുടെ വികാരി. വിദ്യാർത്ഥിപ്രസ്ഥാനം ജനറൽ സെക്രട്ടറി, തടാകം ആശ്രമം സുപ്പീരിയർ, കൽക്കട്ട ബിഷപ്പ്സ് കോളജ് ലക്ചറർ, കോട്ടയം സെമിനാരി അധ്യാപകൻ, മിഷൻ സൊസൈറ്റി-മിഷൻ ബോർഡ് വൈസ് പ്രസിഡണ്ട്, മലങ്കരസഭാ മാസിക പത്രാധിപസമിതി പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു.

1982 ഡിസം. 28-ന് തിരുവല്ല അസോസ്യേഷൻ മേല്പട്ടസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു. 1983 മെയ് 14-ന് മാത്യൂസ് മാർ കൂറിലോസ് റമ്പാൻ സ്ഥാനവും 1985 മെയ് 15-ന് മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് മാത്യൂസ് പ്രഥമൻ കാതോലിക്കാ മെത്രാൻപട്ടവും നൽകി. ആഗസ്റ്റ് മുതൽ തുമ്പമൺ സഹായമെത്രാനായി. 1991 ഒക്ടോബർ 26-ന് പൂർണ്ണ ചുമതലയേറ്റു. വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡണ്ട്, ഇന്റർ ചർച്ച് റിലേഷൻസ് കമ്മിറ്റി പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു.

2009 ജനുവരി 21-ന് കാലം ചെയ്തു. പത്തനംതിട്ട ബേസിൽ അരമന ചാപ്പലിൽ കബറടക്കി. ❑

'സഭ ദൈവത്തിന്റേതാണ്. ... ദൈവം സഭയെ നടത്തിക്കൊള്ളും. സഭയെ കുറിച്ച് ആശങ്ക ആവശ്യമില്ല. ... നമ്മുടെ കാലത്തെ നന്മകൾ ദൈവത്തിന്റെ കൃപ... നമ്മുടെ കാലത്തെ പോരായ്മകൾ നമ്മുടെ ബലഹീനത.'

- പ. ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ് പ്രഥമൻ

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്ര കലാമേള

കുന്നംകുളം ഭദ്രാസനത്തിന് ഓവറോൾ ചാമ്പ്യൻഷിപ്പ്

കൊട്ടരക്കര: ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്ര കലാമേളയിൽ കുന്നംകുളം ഭദ്രാസനത്തിന് ഓവറോൾ ചാമ്പ്യൻഷിപ്പ്. ചെങ്ങന്നൂർ, മാവേലിക്കര എന്നീ ഭദ്രാസനങ്ങൾ യഥാക്രമം രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

കലാമേളയുടെ ഉദ്ഘാടനം ഏഷ്യാനെറ്റ് വൈസ് ചെയർമാൻ ബൈജു ജി. മേലില നിർവ്വഹിച്ചു. പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. സി. ഡി. രാജൻ, ഒ.സി.വൈ.എം കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. വർഗീസ് ടി. വർഗീസ്, ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ്, ട്രഷറാർ ജോജി പി. തോമസ്, ജനറൽ കൺവീനർ മത്തായി ടി. വർഗീസ്, ഡോ. ജോൺസൺ, ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. അനിൽ ബേബി, സെക്രട്ടറി ജിമ്മി തങ്കച്ചൻ എന്നിവർ പ്രസംഗിച്ചു. ഒൻപത് വേദിയിലായി നടന്ന മത്സരങ്ങളിൽ വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 800-ൽ അധികം കലാപ്രതിഭകൾ പങ്കെടുത്തു.

മൃത സംസ്കാര ഓർഡിനൻസ് പ്രതിഷേധാർഹം: കാത്തലിക് ഫോറം

മൃതസംസ്കാരവും ചടങ്ങുകളും സംബന്ധിച്ച് ഗവർണർ ഇറക്കിയ പുതിയ ഓർഡിനൻസ് അക്ഷരാർത്ഥത്തിൽ ക്രിസ്ത്യാനികളുടെ സിവിൽ അവകാശങ്ങളിലുള്ള കടന്നുകയറ്റവും സുപ്രീംകോടതി വിധി മറ്റൊരുതരത്തിൽ മറികടക്കാനുള്ള കുറുക്കുവഴിയും ആണ്. ഇതര ക്രിസ്ത്യൻ വിഭാഗങ്ങളോട് ചർച്ച ചെയ്യാതെ തട്ടി കൂട്ടി തയ്യാറാക്കിയ ഓർഡിനൻസ് അപൂർണ്ണവും അവ്യക്തത നിറഞ്ഞതും ആണെന്ന് കാത്തലിക് ഫോറം കുറ്റപ്പെടുത്തി.

ഇത് ചർച്ച് ആക്ട് നടപ്പിൽ വരുത്തുന്നതിന് വേണ്ടിയുള്ള ഒരു ടെസ്റ്റ് ഡോസായിട്ട് വേണം മനസ്സിലാക്കാൻ. കാരണം ഓർത്തഡോക്സ് - യാക്കോബായ സഭാ വിഭാഗങ്ങളിലെ തർക്കവും, സുപ്രീംകോടതി വിധിയും മറയാക്കി സർക്കാരിന്റെ ഈ നീക്കം സത്യത്തിൽ അസാധാരണ നീക്കമായി പോയി.

ഇത് കത്തോലിക്ക സഭ പോലുള്ള വ്യക്തമായും സുസ്ഥിരമായും നടപടി ക്രമങ്ങൾ ഉള്ള സഭാ വിഭാഗങ്ങളെ കൂടുതൽ വ്യവഹാരങ്ങളിലേക്ക് നയിക്കാനേ ഇതു സഹായിക്കൂ.

ഓർത്തഡോക്സ് - യാക്കോബായ തർക്കങ്ങൾക്ക് പരിഹാരമായി അവരെ മാത്രം ബാധിക്കുന്നതാണ് എന്ന തരത്തിൽ ഇറക്കിയ ഓർഡിനൻസ് എല്ലാ വിധ ക്രിസ്ത്യൻ വിഭാഗങ്ങളേയും അക്ഷരാർത്ഥത്തിൽ ബാധിക്കും. ഇത് വളരെ ദൂരവ്യാപക ഫലമുളവാക്കുന്നതാണ്. സർക്കാർ ഇത്ര ലാഘവത്തോടെ കണ്ടത് ശരിയായില്ല. കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടക്കുന്ന സീറോ മലബാർ സഭാ മെത്രാൻ സിനഡിന് മുമ്പിൽ ഈ ഓർഡിനൻസ് സംബന്ധിച്ച് അടിയന്തര നിയമ നടപടിയെടുക്കാൻ നേതൃത്വം നല്കാൻ നിർദ്ദേശിച്ച് കൊണ്ട് കാത്തലിക് ഫോറം കത്ത് നല്കി. കൊച്ചിയിൽ ചേർന്ന അടിയന്തര എക്സിക്യൂട്ടീവ് യോഗത്തിൽ ജനറൽ സെക്രട്ടറി അഡ്വ.ഡാൽബി ഇമ്മാനുവൽ വിഷയം അവതരിപ്പിച്ചു. പ്രസിഡണ്ട് ബിനു ചാക്കോ അധ്യക്ഷം വഹിച്ച യോഗത്തിൽ ജോബിൻ തോമസ്, സിജു വർഗ്ഗീസ്, ഷിനു ആൻറണി, തുടങ്ങിയവർ പ്രസംഗിച്ചു.

മലയോര മേഖലയിലെ സാധാരണ കർഷകരായ ഓർത്തോഡോക്സ് സഭാംഗങ്ങൾക്കുള്ള പരിമിതമായ ആരാധനാ സൗകര്യങ്ങൾ കണക്കിലെടുത്ത് ദൈവാലയ ഉപകരണങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള ഒരു പദ്ധതി ഏറ്റെടുത്ത് ഒന്നാം ഘട്ടം പൂർത്തീകരിച്ചിരിക്കുവാണ് ഇന്ത്യൻ ഓർത്തോഡോക്സ് സഭ മീഡിയാ വിംഗ്. പ. കാതോലിക്ക ബാവായുടെ അനുഗ്രഹാശീർവാദത്തോടെ തുടങ്ങിയ പദ്ധതിയിൽ, വിവിധ ഇടവകളിൽ നിന്ന് പള്ളി ഉപകരണങ്ങൾ സമാഹരിച്ചു, ആവശ്യനുസരണം പള്ളികളിൽ നൽകി കഴിഞ്ഞു. ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഒപ്പം നിന്ന മലങ്കര സഭയിലെ വിവിധ ഭദ്രാസനങ്ങൾ, ഇടവകകൾ, വൈദികർ, അല്മായർ തുടങ്ങിയവരോടുള്ള നന്ദി അറിയിക്കട്ടെ.

മഴക്കെടുതിയിലും, പ്രകൃതിക്ഷോഭത്തിലും നാശനഷ്ടങ്ങൾ നേരിട്ട് ചോർന്നൊലിക്കുന്ന മേൽക്കൂരയും സിമന്റ് തറയും മാത്രമായി ആരാധനാ സൗകര്യങ്ങൾ പരിമിതമായ സ്ഥലങ്ങളും, പള്ളി ഉപകരണങ്ങളുടെ അഭാവത്താൽ ക്ലേശിക്കുന്ന ദൈവാലയങ്ങളും മലബാർ, ബ്രഹ്മവാർ മേഖലകളിലുണ്ട് എന്ന തിരിച്ചറിവാണ് ഈ ദൌത്യത്തിന് ഞങ്ങളെ പ്രേരിപ്പിച്ചത്.

ലക്ഷങ്ങളും കോടികളും ചിലവഴിച്ച് ദേവാലയങ്ങൾ മോടിപിടിപ്പിക്കുമ്പോൾ ഉപയോഗയോഗ്യമായ, പുതുമ മാറാത്ത തിരശീല, കയറ്റുപായ, വിരിക്കൂട്ട്, കാപ്പാസെറ്റ്, പള്ളിമണി തുടങ്ങി പല സാധന സാമഗ്രികളും പള്ളിമുറികളിൽ ആർക്കും പ്രയോജനമാകാതെ കിടക്കുന്നതായി മനസ്സിലാക്കുന്നു. നല്ലതും ഉപയോഗയോഗ്യവും ആയ ഇത്തരം സാധനങ്ങൾ ശേഖരിച്ച് മലയോര മേഖലയിലെ ആവശ്യമുള്ള പള്ളികൾക്ക് എത്തിച്ചുകൊടുക്കുക എന്നുള്ളതാണ് ഈ സംരംഭത്തിൽ കൂടി വിഭാവനം ചെയ്യുന്നത്.

സഹായം ആവശ്യപ്പെട്ടുകൊണ്ട് ധാരാളം ചെറിയ ഇടവകകൾ സമീപിച്ചുകൊണ്ടിരിക്കുന്നു. പള്ളി ഉപകരണങ്ങളുടെ ദൗർലഭ്യം ഉണ്ടാകുന്നുമുണ്ട്. യാതൊരുവിധ പണപ്പിരിവും നടത്താതെ നമ്മുടെ സഹോദരങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയിൽ നല്ലതും, കേടാകാത്തതും, ഉപയോഗയോഗ്യവും, പുതിയതുമായ പള്ളി ഉപകരണങ്ങൾ നൽകി സഭയിലെ ദൈവാലയങ്ങൾക്കും സുമനസ്സുകളായ സഭാംഗങ്ങൾക്കും പങ്കാളികളാകാം. അതുപോലെ പുതിയ പള്ളികൾ പണിയുമ്പോൾ പഴയത് പൊളിക്കുന്ന കെട്ടിട സാധന സാമഗ്രികൾ അവർക്ക് ഉപകരിക്കും. അത് കൊടുക്കുവാനുള്ള മനസ്സു കാണിക്കണം.

പള്ളി ഉപകരണങ്ങൾ ആവശ്യമുള്ളവരും നൽകുവാൻ ആഗ്രഹിക്കുന്നവരും താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരുകളിലോ ലാമശഹ വിലാസത്തിലോ ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു. ഓരോ പള്ളികൾക്കും ആവശ്യമായുള്ള സാധനങ്ങൾ ലഭ്യത അനുസരിച്ച് എത്തിക്കുവാൻ ഞങ്ങൾ പരിശ്രമിക്കുന്നതാണ്.

നമ്മുടെ സഹോദരങ്ങളെ സഹായിക്കാനായി നമുക്ക് ഒത്തുകൂടാം. എല്ലാവരുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്

Contact:
Kottayam: 97473 20851,95396 58406
Wayanad: 94951 48381
Chengannur: 8547502238
Adoor: 9744215680
Trivandrum: 79028 01314
UAE: +971 50 425 5951
USA: +1(214)449 8556

ചെറിയപള്ളിയിലെ ചുമർചിത്രങ്ങളുടെ വീണ്ടെടുപ്പ്, പുരാവസ്തു സംരക്ഷണപ്രവർത്തനങ്ങളുടെ മികച്ച മാതൃകയെന്ന്. ഡോ. എം. വേലായുധൻ നായർ

കോട്ടയം ചെറിയപള്ളിയിലെ നാലു നൂറ്റാണ്ടോളം പഴക്കമുള്ള ലോകപ്രശസ്തമായ ചുവർചിത്രങ്ങളുടെ സംരക്ഷണപ്രക്രിയ അതിന്റെ പുരാവസ്തു മൂല്യം മനസിലാക്കി ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ പൂർത്തിയാക്കിയത് തികച്ചും മാതൃകാപരമാണെന്ന് മുൻ കേരള പുരാവസ്തു വകുപ്പ് ഡയറക്ടർ ഡോ. എം. വേലായുധൻ നായർ അഭിപ്രായപ്പെട്ടു.

പലപ്പോഴും പുരാവസ്തുപ്രാധാന്യമുള്ള ചുവർചിത്രങ്ങൾ അശാസ്ത്രീയമായി പുനരാലേഖനം ചെയ്യുന്നതിനാൽ നശീകരണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് മദ്ബഹയിലെ അമൂല്യമായ ഈ ചിത്രങ്ങൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് ചെറിയപള്ളി ഭരണസമിതി നടത്തിയ ശ്രമങ്ങൾ ശ്ലാഘനീയമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ചുമർചിത്ര സംരക്ഷണമടക്കമുള്ള പുരാവസ്തു സംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടത്തുന്നതിനും നശീകരണ പ്രവർത്തനങ്ങൾക്ക് തടയിടുന്നതിനുമായി നമ്മുടെ നാട്ടിൽ നിലവിൽ സംവിധാനങ്ങൾ അപര്യാപ്തമാണെന്നും അതിനാൽ പുരാവസ്തു സംരക്ഷണ മാർഗ്ഗങ്ങൾ പഠിപ്പിക്കുന്നതിനായുള്ള സംവിധാനങ്ങൾ അക്കാദമിക് തലത്തിൽ ഉണ്ടാകേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ചുവർ ചിത്ര സംരക്ഷണവുമായി ബന്ധപ്പെട്ട് നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചെറിയപള്ളി വികാരി ഫാ. പി. എ. ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പള്ളികളിലെ ചുവർചിത്രങ്ങളുടെ സൗന്ദര്യശാസ്ത്രപരമായ പ്രത്യേകതകളെ കുറിച്ച് ജോർജ് മേനാച്ചേരി സംസാരിച്ചു. ജാമിയ മില്ലിയ സർവ്വകലാശാല അസോസിയേറ്റ് പ്രൊഫസർ ഡോ. മാത്യു ജോസഫ് ചെങ്ങളവൻ, പോൾ മണലിൽ, ഡോ. എം. കുര്യൻ തോമസ്, പള്ളിക്കോണം രാജീവ് എന്നിവർ സെമിനാറിൽ പങ്കെടുത്തു സംസാരിച്ചു. ഫാ. യൂഹാനോൻ ബേബി സ്വാഗതവും ട്രസ്റ്റി ജേക്കബ് മാത്യു മുട്ടുമ്പുറം നന്ദിയും പറഞ്ഞു.

രാവിലെ 7.30 ന് നവീകരിച്ച മദ്ബഹയുടെ പ്രതിഷ്ഠാ ചടങ്ങും കുർബാനയും യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിൽ നടന്നു.

ചുവർ ചിത്ര സംരക്ഷണപ്രവർത്തനങ്ങൾ നടത്തിയ ജിജുലാലിന്റെ നേതൃത്വത്തിലുള്ള കലാകാരന്മാരെ ചടങ്ങിൽ ആദരിച്ചു.

കണ്യാട്ട് നിരപ്പ് പള്ളി: പാത്രിയർക്കീസ് വിഭാഗം നൽകിയ അപ്പീൽ ഹൈക്കോടതി തള്ളി

കൊച്ചി: കണ്ണ്യാട്ടുനിരപ്പ് പള്ളിയെ സംബന്ധിച്ച് അപ്പീൽ നിലനിൽക്കില്ലെന്നും ജില്ലാ കോടതി വിധി ശരി വെച്ചു കൊണ്ട് പാത്രിയർക്കീസു വിഭാഗം നൽകിയ കേസ് ഹൈക്കോടതി തള്ളി.

ഇലക്ഷൻ നടത്തുന്നതിന് വികാരിക്ക് പൂർണ്ണ അവകാശമുണ്ടെന്നും കോടതി വ്യക്തമാക്കി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

വന്നു കണ്ടു കീഴടക്കി

(ദഹനയുടെ ശേഷം രണ്ടാം ഞായറാഴ്ച)

(വി. യോഹ. 1:43–51)

ഫാ. യോഹന്നാൻ കെ. (സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പ്പൂർ)

'നീ ഇതിനേക്കാൾ വലിയത് കാണും' (യോഹ. 1:50) എന്നുള്ള ക്രിസ്തുവിന്റെ നഥനയേലിനോടുള്ള വാഗ്ദാനമാണ് ഇന്നത്തെ സദ്വാർത്ത. യഹോവയെ കാത്തിരിക്കുന്നവർക്കുണ്ടാകുന്ന നല്ല ദിനങ്ങളേപ്പറ്റി പ്രവാചകരായ മീഖായും, യെശയ്യാവും പ്രഘോഷിക്കുമ്പോൾ, ജ്ഞാനത്തിന്റെ പ്രബോധനങ്ങൾ സദൃശ്യവാക്യങ്ങളിൽ കൂടിയും കല്പനകൾ പാലിച്ച് ശുദ്ധീകരണം നടത്തേണ്ടതിന്റെ ആവശ്യകത ലേവ്യാപുസ്തകത്തിൽ നിന്നും നമുക്ക് ലഭിക്കുന്നു. വെറും ധാരണകൾ കൊണ്ടല്ല മറിച്ച് നേരിട്ട് അനുഭവിച്ചറിയുവാൻ ക്രിസ്തുവിന്റെയടുക്കലെത്തിയ ജ്ഞാനിയായ നഥനയേലും ക്രിസ്തുവും തമ്മിലുള്ള സംഭാഷണം നമ്മേയും ആ അറിവിലേക്ക് ക്ഷണിക്കുന്നതാണെന്ന് മനസ്സിലാക്കാം. മനുഷ്യരിൽ ദൈവത്തെ കണ്ടെത്തുന്ന തരത്തിലുള്ള ഒരന്വേഷണമാണ് നാമിവിടെ കാണുന്നത്. നസറേത്തിലെ യേശുവിൽ ദൈവത്തെ കണ്ടെത്തിയവർ. ആ സത്യം മനസ്സിലാക്കിയവർക്ക് ക്രിസ്തു വാഗ്ദത്തം ചെയ്തത് സ്വർഗ്ഗരാജ്യത്തിന്റെ അനുഭവം. അത് സ്വന്തമാക്കാനാണ് ഇന്നത്തെ ഏവൻഗേലിയോൻ നമ്മേയും ക്ഷണിക്കുന്നത്.

1. വന്നു കാണുക: ഓരോ വിശ്വാസിയുടേയും പ്രധാന ജീവിത ദൗത്യം

യേശു നേരിട്ട് വിളിക്കുന്ന ആദ്യ ശിഷ്യനായാണ്, അന്ത്രയോസിന്റെയും ശീമാന്റെയും ദേശത്തു നിന്നുള്ള ഫിലിപ്പോസിനെ വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. അന്ത്രയോസും ശീമോനും സ്നാപക യോഹന്നാന്റെ വചനത്താൽ ക്രിസ്തുവിലേക്ക് ആകൃഷ്ടരായവരാണ്. അന്ത്രയോസ്, ശീമോനെ ക്രിസ്തുവിന്റെയടുക്കൽ കൊണ്ടുവരുന്നു. എന്നാൽ യേശു ഫിലിപ്പോസിനെ നേരിട്ട് വിളിക്കുന്നു. ഫിലിപ്പോസ്, യേശു ആരാണെന്ന് നഥനയേൽ എന്ന യഹൂദ ഗുരുവിനോട് പറയുന്നു. 'മോശയുടെ ന്യായപ്രമാണത്തിലും പ്രവാചകഗ്രന്ഥങ്ങളിലും ആരേപ്പറ്റി എഴുതിയിരിക്കുന്നുവോ അവനാണ് യേശു' എന്നാണ് ഫിലിപ്പോസിന്റെ സാക്ഷ്യം. നസറേത്തിലെ ജോസഫിന്റെ മകൻ എന്നതാണ് ഫിലിപ്പോസിന്റെ രണ്ടാമത്തെ സാക്ഷ്യം. ഈ രണ്ടു സാക്ഷ്യങ്ങളാണ് നഥനയേലിനെ സംശയാലുവാക്കിയത് (യോഹ. 1:46). പഴയനിയമ ഗ്രന്ഥങ്ങളിലൊന്നും തന്നെ പരാമർശിക്കപ്പെടാത്ത ഒരു സ്ഥലത്തു നിന്ന് വെറും സാധാരണ മനുഷ്യനായ തച്ചനായ ഒരു വ്യക്തിയുടെ മകൻ എന്തു നന്മയാണ് ഇസ്രായേലിന് കൊണ്ടുവരിക എന്ന സംശയത്തിനുള്ള മറുപടിയാണ് 'വന്നു കാണുക' എന്ന ഫിലിപ്പോസിന്റെ ആഹ്വാനം. നഥനയേലിന്റെ സംശയം ഒരു യഥാർത്ഥ യിസ്രായേല്യന്റെ സംശയം തന്നെയാണ്. മനുഷ്യരിൽ ദൈവത്തെ കാണുക – എന്നത്. അതും പാർശ്വവൽക്കരിക്കപ്പെട്ട ഒരു സ്ഥലത്തുനിന്നും വന്ന ഒരുവനിൽ. പരിധികളിലൊതുക്കുവാനൊക്കാത്ത ഗഹനമായ ദൈവത്തെ ഒരു സാധാരണ വ്യക്തിയിൽ ദർശിക്കുക എന്നത് തീർത്തും ദുർഗ്രാഹ്യമായ ഒന്നാണ്. അതിനാലാണ് ഫിലിപ്പോസിന്റെ ആഹ്വാനം നഥനയേൽ ഏറ്റെടുക്കുന്നത്. കാനായിൽ നിന്നുള്ള ഈ യഹൂദ റാബ്ബി (യോഹ. 21:2) സമവീക്ഷണ സുവിശേഷങ്ങളിൽ ബർത്തലോമിയോ എന്നാണ് അറിയപ്പെടുന്നത് (മത്തായി 10:3, മർക്കോസ് 3:18, ലൂക്കോസ് 6:14, അ.പ്ര. 1:13). അത്തിമരത്തിന്റെ കീഴിലിരുന്ന് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത ഒരു വ്യക്തി, പ്രവചനസത്യം മനസ്സിലാക്കാനായി ക്രിസ്തുവിന്റെയടുത്ത് ചെല്ലുന്നു. ക്രിസ്തുവിനെ ഗുരുവായും ദൈവപുത്രനായും യിസ്രായേലിന്റെ രാജാവായും നഥനയേൽ അംഗീകരിക്കുകയാണ്. ക്രിസ്തുവിനെപ്പറ്റി ഇതുവരെയുള്ള തന്റെ ധാരണകളെല്ലാം തെറ്റായിരുന്നു എന്ന് മനസ്സിലാക്കുകയാണ്. അങ്ങനെ നഥനയേൽ ക്രിസ്തുവിനെ തിരിച്ചറിയുന്നു.

യഥാർത്ഥമായി ക്രിസ്തു ആരെന്ന് മനസ്സിലാക്കുകയാണ് നാമോരോരുത്തരുടെയും ജീവിതലക്ഷ്യം. തിരുശരീരരക്തങ്ങളായി ഓരോ വിശുദ്ധ കുർബാനയിലും നാം ക്രിസ്തുവിനെ സ്വീകരിക്കുന്നു. എന്നാൽ ആ തിരിച്ചറിവ് നമുക്കുണ്ടാകുന്നുണ്ടോ? അതോടൊപ്പംതന്നെ ക്രിസ്തുവിനെ അറിയുവാൻ ഫിലിപ്പോസിനെപ്പോലെ നാം ആരെയെങ്കിലും അവന്റെ അടുത്തേക്ക് ക്ഷണിക്കുന്നുണ്ടോ? എന്താണ് ഈ ലോകത്തിൽ നമ്മുടെ ജീവിത ദൗത്യം?

2. ദൈവത്തെയും പ്രപഞ്ചത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന കണ്ണിയാണ് മനുഷ്യൻ

ദൈവം മനുഷ്യർക്ക് തന്നെത്തന്നെ വെളിപ്പെടുത്തുകയും സമീപസ്ഥമാക്കുകയും ചെയ്തത് മനുഷ്യനായിത്തീർന്നു കൊണ്ടാണ്. വചനം ജഡമായിത്തീർന്നു നമ്മുടെ ഇടയിൽ പാർത്തു (യോഹ. 1:14). അവൻ ദൈവത്തിൽ നിന്നുള്ളവനാണ് (യോഹ. 1:1–2, 14, 18). അങ്ങനെ, പാപത്താൽ ദൈവത്തിൽ നിന്നകന്ന മനുഷ്യനെ വീണ്ടും ദൈവത്തോട് അടുപ്പിക്കുവാൻ ദൈവം തന്നെ ജഡധാരണം ചെയ്തു. തന്റെ സൃഷ്ടിയായ ഈ പ്രപഞ്ചത്തെ ദൈവം അത്രമേൽ സ്നേഹിച്ചു (യോഹ. 3:16). ദൈവം ഓരോ മനുഷ്യനെയും തന്നിലേക്ക് ചേർത്തു പിടിച്ചു. പഴയനിയമത്തിലെ സമാനമായ ഒരു ദർശനത്തിന്റെ (ഉൽപ്പത്തി 28:10–17) വേറിട്ടുള്ള ഒരു അവതരണം ക്രിസ്തു നഥനയേലിനോട് ബോധിപ്പിക്കുന്നു. ബഥേലിൽ വച്ച് യാക്കോബ് കണ്ട ദർശനമാണ് അത്. സ്വർഗത്തെയും ഭൂമിയെയും ബന്ധിപ്പിക്കുന്ന ഒരു ഗോവണി. ദൈവം അതിന്റെ മുകളിൽ നിൽക്കുന്നു. ദൈവത്തിന്റെ ദൂതന്മാർ അതിൽക്കൂടി കയറുകയും ഇറങ്ങുകയും ചെയ്യുന്നു. ദൈവത്തിന്റെ സാന്നിധ്യം, ആ സ്ഥലത്തുണ്ട് എന്ന് യാക്കോബ് മനസ്സിലാക്കുകയാണ്. എന്നാൽ ക്രിസ്തു നഥനയേലിന് വെളിപ്പെടുത്തിയത് സ്വർഗ്ഗത്തിൽനിന്ന് മനുഷ്യപുത്രന്റെയടുക്കലേക്ക് ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നു എന്നാണ്. ചരിത്രത്തിലെ മനുഷ്യപുത്രന്റെയടുക്കലേക്ക് ദൈവത്തിന്റെ ഇറക്കം. ദൈവത്തിന്റെ വാസസ്ഥലമായി ഒരു പ്രത്യേക സ്ഥലത്തെ (ബഥേൽ) യാക്കോബ് കണ്ടെങ്കിൽ, പുതിയനിയമത്തിൽ മനുഷ്യപുത്രൻ സ്വർഗം തന്നെ ഇറങ്ങിവരും ദർശന ഭാഗ്യമാണ് ക്രിസ്തു അതിനെ വാഗ്ദാനം ചെയ്തു പഴയനിയമത്തിൽ മനുഷ്യപുത്രന്റെമേൽ സ്വർഗ്ഗം തന്നെ ഇറങ്ങിവരുന്നു. ആ ദർശനഭാഗ്യമാണ് ക്രിസ്തു നഥനയേലിന് വാഗ്ദാനം ചെയ്തത്.

പഴയനിയമത്തിൽ മനുഷ്യപുത്രൻ എന്ന സംബോധന രണ്ട് വ്യത്യസ്ത അർത്ഥങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. സാധാരണ ഒരു വ്യക്തി എന്ന നിലയിലാണ് യെഹസ്ക്കിയേൽ പ്രവാചകനെ ദൈവം മനുഷ്യപുത്രൻ എന്ന് വിളിക്കുന്നത് (2:1, 17, 4:1 etc). എന്നാൽ ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ വ്യത്യസ്തമായ മറ്റൊരു അർത്ഥം കാണാൻ സാധിക്കും. ആകാശമേഘങ്ങളോടു കൂടി വന്ന് സകലരെയും വിധിക്കുന്ന, ആധിപത്യമുള്ള ഒരു രക്ഷകൻ ആയിട്ടാണ് അത് (7:13). ഈ രണ്ട് പ്രയോഗങ്ങളും പുതിയനിയമത്തിൽ നമുക്ക് കാണാൻ സാധിക്കും (മത്തായി 8:20, 31, 9:31, 10:45; മർക്കോസ് 8:38–9:1; 14:62; മത്തായി 24:30). എന്നാൽ യോഹന്നാൻ ഇവിടെ അവതരിപ്പിക്കുന്ന മനുഷ്യപുത്രൻ, ദൈവത്തെയും പ്രപഞ്ചത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ്.

ഇന്ന് 'മനുഷ്യപുത്രന്മാർ' നാം ഓരോരുത്തരുമാണ്. ദൈവദൂതന്മാരുടെ കയറ്റവും ഇറക്കവും നടക്കുന്നത് നമ്മിൽ കൂടിയാണ്. ഈ പ്രപഞ്ചത്തോടുള്ള ദൈവത്തിന്റെ സ്നേഹം അവൻ വെളിപ്പെടുത്തുന്നത്, തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യരിൽക്കൂടിയാണ് എന്നതാണ് നാം മനസ്സിലാക്കേണ്ടത്. ആഗോളവൽക്കരണത്തിന്റെയും പ്രകൃതിയുടെ ചൂഷണത്തിന്റെയും മലിനീകരണ സംസ്കാരത്തിന്റെയുമൊക്കെ ഇരകളായി പ്രപഞ്ചവും മനുഷ്യനും ജീവജാലങ്ങളും മാറുമ്പോൾ അതിന്റെയെല്ലാം പ്രത്യുത്തരം മനുഷ്യർ തന്നെയാണ് എന്നാണ് മനുഷ്യപുത്രന്റെമേൽ സ്വർഗം തന്നെ ഇറങ്ങി വരുന്നു എന്ന സൂചനയിൽ കൂടി നാം മനസ്സിലാക്കേണ്ടത്. ദൈവത്തിന്റെ മാലാഖമാർക്ക് എന്നിൽ ഇറങ്ങി വരാൻ തക്കവണ്ണം ഞാൻ യോഗ്യനാണോ?

നാം കണ്ടെത്തിയ ക്രിസ്തു എന്ന സത്യത്തെ നാം എങ്ങനെയാണ് അവതരിപ്പിക്കുക. അടിച്ചേൽപ്പിക്കുന്ന സുവിശേഷവൽക്കരണമോ നിർബന്ധ ബുദ്ധിയോ, ഭീഷണിയോ, കാതടപ്പിക്കുന്ന പ്രഭാഷണങ്ങളോ ഒന്നുംതന്നെയില്ലാതെ, വളരെ ലളിതമായി, ക്രിസ്തുവിനെ വന്നു കണ്ട് മനസ്സിലാക്കുക എന്ന ഫിലിപ്പോസിന്റെ ശൈലിയാണ് ഇന്നത്തെ കാലത്ത് അഭികാമ്യമായി തോന്നുന്നത്. കൂടാതെ നാം ഓരോരുത്തരും ദൈവത്തെ ഈ പ്രപഞ്ചവുമായി, ഓരോ മനുഷ്യരുമായി ബന്ധിപ്പിക്കുന്ന വളരെ വിലപ്പെട്ട ഒരു കണ്ണിയാണെന്നും. നമ്മിൽക്കൂടി 'സ്വർഗ്ഗ'ത്തിന്റെ അവസ്ഥയിൽ അനേകർ ജീവിക്കുവാൻ ഇടയാകട്ടെ.

❑

കോർ എപ്പിസ്കോപ്പ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ ഫാ. രാജു എം. ദാനിയേൽ.

തിരുവനന്തപുരം ഭദ്രാസന ഗായകസംഘം പരിശീലന സെമിനാർ പൗഡീകോണം മാതാ മറിയം ദേവാലയത്തിൽ വച്ച് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഉത്ഘാടനം ചെയ്യുന്നു.

സംസ്ഥാനതല കോളജ് വായന മത്സരം: എം. തോമസ് യാക്കോബ് ഒന്നാം സ്ഥാനത്ത്

കോട്ടയം: കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഗൗരവപൂർണമായ വായനയ്ക്കും സർഗാത്മക രചനയ്ക്കും കോളേജ് വിദ്യാർത്ഥികളെ സജ്ജരാക്കുക എന്ന ലക്ഷ്യവുമായി സംഘടിപ്പിച്ച സംസ്ഥാനതല വായനാ മത്സരത്തിൽ പാമ്പാടി കെ. ജി. കോളേജിലെ രണ്ടാം വർഷ ഡിഗ്രി ഫിസിക്സ് വിദ്യാർത്ഥി എം. തോമസ് യാക്കോബ് ഒന്നാം സ്ഥാനത്തിന് അർഹനായി. 15,000 രൂപയും പ്രശസ്തിപത്രവും ശില്പവുമാണ് സമ്മാനം. ജില്ലാതല വിജയികൾക്ക് തിരഞ്ഞെടുക്കപ്പെട്ട മലയാള കൃതികളിലെ നിർദ്ദിഷ്ട ആശയങ്ങളെപ്പറ്റിയുള്ള പ്രബന്ധ രചനയും അതിനെ ആസ്പദമാക്കിയുള്ള ചോദ്യോത്തരവുമായിരുന്നു മത്സരത്തിന്റെ മാനദണ്ഡം.

"സംസ്ഥാനത്തെ ഏറ്റവും കൂടുതൽ വായിക്കുന്ന കോളജ് വിദ്യാർത്ഥി" എന്ന ബഹുമതിയാണ് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പ്രശംസാപത്രത്തിൽ നൽകിയിരിക്കുന്നത്.

സാമൂഹ്യശാസ്ത്ര ഗവേഷകനും ഗ്രന്ഥകാരനുമായ കോട്ടയം അരീപ്പറമ്പ് മേലേടത്ത് ഡോ. എം. കുര്യൻ തോമസിന്റെയും പാമ്പാടി എം.ജി.എം. ഹൈസ്കൂൾ അദ്ധ്യാപിക ജയാ ജേക്കബിന്റെയും പുത്രനാണ് എം. തോമസ് യാക്കോബ്.

കങ്ങഴ മാർ ഏലിയാ ചാപ്പൽ വികാരി ഫാ. എം. റ്റി. കുര്യന്റെ പൗത്രനും കോട്ടയം വടക്കൻമണ്ണൂർ പള്ളി ഇടവകാംഗവുമാണ്.

ഓർമ്മചിത്രം

പ. പാമ്പാടി തിരുമേനി കുന്നംകുളത്ത് (1950)

മുളന്തുരുത്തി പള്ളി കേസ്: ഹൈകോടതി തീർപ്പു കല്പിക്കണമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: മുളന്തുരുത്തി പള്ളിയെ സംബന്ധിച്ച കേസ് ജനുവരി 17-ന് സുപ്രീംകോടതി പരിഗണിച്ചു. കേരള ഹൈക്കോടതിയോട് കേസ് എത്രയും പെട്ടെന്ന് തീർപ്പാക്കുവാൻ ആവശ്യപ്പെട്ടു. ഹൈക്കോടതിയിൽ മുളന്തുരുത്തി പള്ളിയെ സംബന്ധിച്ച കേസ് നിലനില്ക്കുന്നതിനാലാണ് 2017 ജൂലൈ 3-ലെ വിധിയും തുടർന്നുള്ള വിധികളും മാനദണ്ഡമാക്കി ഹൈക്കോടതി തന്നെ കേസ് വിധി പറഞ്ഞു തീർപ്പാക്കാൻ നിർദേശിച്ചത്.

കുറുപ്പംപടിപള്ളിക്കേസ്: യാക്കോബായ വിഭാഗത്തിന്റെ ഹർജി തള്ളി

കൊച്ചി: കുറുപ്പംപടി പള്ളിയെ സംബന്ധിച്ചു ഓർത്തഡോക്സ് സഭ നൽകിയ കേസിൽ സെക്ഷൻ 92 പ്രകാരം അനുമതി നൽകിയത് ചോദ്യം ചെയ്തുള്ള യാക്കോബായ വിഭാഗത്തിന്റെ ഹർജി കോടതി തള്ളി. യാക്കോബായ വിഭാഗത്തിലെ നാലുപേർ കേസിൽ കക്ഷി ചേരാൻ നൽകിയ അപേക്ഷ കോടതി വിശദമായ വാദം പൂർത്തിയാക്കി ഓർഡർ പറയാൻ ജനുവരി 24-ലേക്ക് മാറ്റി. ഓർത്തഡോക്സ് സഭ നൽകിയ ഡോക്യുമെന്ററി എവിഡൻസ്കോടതി ഫയലിൽ സ്വീകരിച്ചു. കേസിലെ അന്തിമവാദത്തിനായി അടുത്ത ആഴ്ച കേസ് വീണ്ടു പരിഗണിക്കും.



യുവദീപ്തി പുരസ്കാരം എം. ഡി. യുഹാനോൻ റമ്പാന്

കുടശനാട്: സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിൻറെ ഏഴാമത് 'യുവദീപ്തി പുരസ്കാരം' അട്ടപ്പാടി മിഷന്റെ ഡയറക്ടർ എം. ഡി. യുഹാനോൻ റമ്പാന്. ജനുവരി 22-ന് അവാർഡ് സമ്മാനിക്കും.



പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം
ഫോൺ: 99471 20697

LITURGICAL CALENDAR 2019-20
THE DIOCESE OF AHMEDABAD

Published by
Jyothis Publication
JYOTHIS DAYARA
ABU ROAD, RAJASTHAN

Contact :
Fr Philipose Abraham : 9426347399
Benson T Saji : 8281079864

മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ കൂദാശ.

എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ നിന്ന് 30-ൽ പരം വിദ്യാർത്ഥികൾ പാമ്പാടി മാർ കുറിയാക്കോസ് ദയറ സന്ദർശിക്കുകയും ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് തിരുമേനിയുമൊത്ത് അല്പ സമയം ചിലവഴിക്കുകയും പ. പാമ്പാടി തിരുമേനിയുടെ ജീവിത ദർശനത്തെപ്പറ്റി മെത്രാപ്പോലീത്താ പ്രസംഗിക്കുകയും എത്യോപ്യയിൽ താമസിച്ചത് മെത്രാപ്പോലീത്താ ഓർമ്മ പുതുക്കുകയും എത്യോപ്യൻ ഭാഷയിൽ അവരുമൊത്ത് ആരാധന ഗീതങ്ങൾ ആലപിക്കുകയും ചെയ്തു.

‘സ്നേഹദീപ്തി’ അഞ്ചാം ഭവനദാനം മല്ലപ്പള്ളിയിൽ 2020 ജനുവരി 21-ന്

ന്യൂഡൽഹി: സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജന പ്രസ്ഥാനത്തിന്റെ ഭവന പദ്ധതിയായ സ്നേഹ ദീപ്തി പ്രൊജക്റ്റിന്റെ അഞ്ചാം ഭവനദാനം മല്ലപ്പള്ളിയിൽ 2020 ജനുവരി 21-ന് നടക്കും. രാവിലെ 11 മണിക്ക് നടക്കുന്ന കൂദാശാകർമ്മത്തിൽ കത്തീഡ്രൽ സഹ വികാരി ഫാദർ പത്രോസ് ജോയ്, മല്ലപ്പള്ളി ബഥേൽ സെന്റ് ജോൺസ് ഇടവക വികാരി ഫാദർ ജിനു ചാക്കോ എന്നിവർ കാർമികത്വം വഹിക്കും. അനേക വർഷങ്ങളായി വാടക വീട്ടിൽ കഴിഞ്ഞിരുന്ന വൃദ്ധദമ്പതികളുടെ സ്വന്തമായി ഒരു ഭവനം എന്ന സ്വപ്നമാണ് പൂവണിയുന്നത്.

തണ്ണിത്തോട് കൺവൻഷൻ ഉദ്ഘാടനം



മലങ്കരസഭാ തർക്കം: എന്താണ് സത്യം?
ഡെറിൻ രാജു

424 പേജ്. വില 300 രൂപ.

പരിമിതമായ കോപ്പികൾ മാത്രം.

Please Contact: Mobile/ WhatsApp 7012270083

ഫാ. ജോർജ്ജ് പി. എബ്രഹാം പീരുമേട് കോളജ് ഡയറക്ടർ

മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയുടെ ഡയറക്ടറായി വിദ്യാഭാസ വിദഗ്ദനും വാഗ്മിയുമായ ഫാ. ജോർജ്ജ് പി. എബ്രഹാമിനെ പ. കാതോലിക്കാ ബാവാ നിയമിച്ചു.

ചെറായി സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വി. ദൈവമാതാവിന്റെ പെരുന്നാളിന് വികാരി റവ .ഫാ.റ്റുബി ഇടമറുക് കൊടി ഉയർത്തുന്നു. 45 വർഷത്തിന് ശേഷം ആണ് ഓർത്തഡോക്സ് സഭയുടെ പുരോഹിതൻ പെരുന്നാൾ കൊടി ഉയർത്തിയത്.

കലാകിരീടം കുന്നംകുളത്തിന്

കൊട്ടാരക്കര പുനലൂർ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെട്ട ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര കലാ മത്സരത്തിൽ (ജ്വാല 2020) കുന്നംകുളം ഭദ്രാസനത്തിന് കിരീടം.

News, Advertisements, Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file